# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## നിലമ്പൂർ മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505

ഇ-മെയിൽ: dompm.ksad@kerala.gov.in

ഫോൺ : 0483-2734951

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.എം.പി.എം 21/1705/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
മലപ്പുറം-676505
തീയ്യതി: 04/08/2022
ഇ-മെയിൽ:
dompm.ksad@kerala.gov.in
ഫോൺ: 0483-2734951

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
നിലമ്പൂർ മുനിസിപ്പാലിറ്റി

സർ,

വിഷയം : നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2)നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3)റീജ്യനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യവകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4)കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.എം.പി.എം 21/1705/22 തീയ്യതി: 04/08/2022

## മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 06-02-2020 മുതൽ 03-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 25 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 23-07-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. സതീഷ് മാവേലി പുത്തൻ വീട് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 04-07-2022 | 23-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-07-2022 | 23-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1. ശ്രീ.അബ്ദുൽ ജലീൽ ടി.പി - ഓഡിറ്റ് ഓഫീസർ.(ഹ.ഗ്രേ)
2. ശ്രീ.മുഹമ്മദ് സലീം.ടി - അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
3. ശ്രീ.രാമകൃഷ്ണൻ.ടി - സീനിയർ ഗ്രേഡ് ഓഡിറ്റർ
4. ശ്രീ.അമീൻ ഫൈസൽ.ടി.ടി- സീനിയർ ഗ്രേഡ് ഓഡിറ്റർ

5. ശ്രീ.റഷീദ്.വി - സീനിയർ ഗ്രേഡ് ഓഡിറ്റർ
6. ശ്രീമതി.സുജാത.എം - ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.പത്മിനി ഗോപിനാഥ് | ചെയർമാൻ | 01-04-2020 | 11-11-2020 |
| അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | ചെയർമാൻ | 12-11-2020 | 27-12-2020 |
| ശ്രീ.മാട്ടുമ്മൽ സലീം | ചെയർമാൻ | 28-12-2020 | 31-03-2021 |
| ശ്രീ.ഫിറോസ് ഖാൻ.എ | സെക്രട്ടറി | 01-04-2020 | 01-02-2021 |
| ശ്രീ.ഹരി.കെ (ഇൻചാർജ്) | സെക്രട്ടറി | 02-02-2021 | 07-02-2021 |
| ശ്രീ.ബിനുജി.ജി | സെക്രട്ടറി | 08-02-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോ.ജിജോ.എ.പി | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2020 | 31-03-2021 |
| ഡോ.ഹബീബ.പി.കെ | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ.അബൂബക്കർ.എൻ | സൂപ്രണ്ട്, ജില്ലാ ആശുപത്രി, നിലമ്പൂർ. | 01-04-2020 | 31-03-2021 |
| ശ്രീ.ജോർജ്ജ്.പി.വർഗ്ഗീസ് | ഹെഡ്മാസ്റ്റർ (ജി.എം.എൽ.പി.എസ് നിലമ്പൂർ) | 01-04-2020 | 31-03-2021 |
| ശ്രീമതി.സുഫൈറത്ത്.കെ.ടി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീ.ഉമ്മർകോയ.ടി | കൃഷി ഓഫീസർ | 01-04-2020 | 05-07-2020 |
| ശ്രീമതി.രേഷ്മ.ടി | കൃഷി ഓഫീസർ | 06-07-2020 | 27-09-2020 |
| ശ്രീ.ബെന്നി സെബാസ്റ്റ്യൻ.എൻ.ടി | കൃഷി ഓഫീസർ | 28-09-2020 | 08-10-2020 |
| ശ്രീമതി.നീതു തങ്കം | കൃഷി ഓഫീസർ | 09-10-2020 | 13-10-2020 |
| ശ്രീ.അനൂപ് കുമാർ.വി.എൻ | കൃഷി ഓഫീസർ | 14-10-2020 | 31-01-2021 |

| | | | |
|---|---|---|---|
| ശ്രീ.ഉമ്മർകോയ.ടി | കൃഷി ഓഫീസർ | 01-02-2021 | 15-02-2021 |
| ശ്രീ.അനൂപ് കുമാർ.വി.എൻ | കൃഷി ഓഫീസർ | 16-02-2021 | 14-03-2021 |
| ശ്രീമതി.നീതു തങ്കം | കൃഷി ഓഫീസർ | 15-03-2021 | 31-03-2021 |
| ശ്രീമതി.ക്രിസ്റ്റീന തോമസ് | ഹെഡ്മാസ്റ്റർ (ജി.എം.വി.എച്ച്.എസ്.എസ് നിലമ്പൂർ) | 01-04-2020 | 31-03-2021 |
| ശ്രീ.ബാബു.പി.കെ | പ്രൊജക്ട് ഓഫീസർ | 01-04-2020 | 01-03-2021 |
| ഡിന്റോ.കെ.പി (ജെ.എച്ച്.ഐ) | പ്രൊജക്ട് ഓഫീസർ (ഇൻചാർജ്) | 02-03-2021 | 11-03-2021 |
| ശ്രീ.ശ്യാം കുമാർ.പി.കെ | പ്രൊജക്ട് ഓഫീസർ | 12-03-2021 | 31-03-2021 |
| ശ്രീ.മൻസൂർ കാരാട്ട്ചാലി | ഹെൽത്ത് ഓഫീസർ | 01-04-2020 | 01-02-2021 |
| ശ്രീ.ബാബു.പി.കെ | ഹെൽത്ത് ഓഫീസർ (ഇൻചാർജ്) | 02-02-2021 | 21-02-2021 |
| ശ്രീ.കൃഷ്ണൻ.പി.പി | ഹെൽത്ത് ഓഫീസർ | 22-02-2021 | 31-03-2021 |
| ഡോ.പി.എം.ജെയ്കോ | സീനിയർ വെറ്റിനറി സർജൻ | 01-04-2020 | 06-11-2020 |
| ഡോ.ഷൗക്കത്തലി വടക്കംപാടം | സീനിയർ വെറ്റിനറി സർജൻ | 07-11-2020 | 31-03-2021 |
| ശ്രീ. അഫ്സൽ.സി. | മുനിസിപ്പൽ എഞ്ചിനീയർ | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Sujatha M (Auditor, On 20-07-2022)<br>Last Updated By: Sujatha M (Auditor, On 20-07-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-5 |
| 6 | തൊഴിലുറപ്പ് (AUEGS)<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-6 |
| 7 | ക്ഷേമ പദ്ധതികൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-7 |
| 8 | ക്യാഷ് പരിശോധന<br>Written By: Sujatha M (Auditor, On 20-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Muhammed Saleem T (Asst. Audit Officer, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-10 |
| 11 | വാർഷികകണക്ക് പരിശോധന – അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-11 |
| 12 | നിലവിലുള്ള കെട്ടിടത്തിൻമേലുള്ള അധിക നിർമ്മാണം - പെർമിറ്റ് അനുവദിച്ചതിലെ അപാകത<br>Written By: Rasheed V (Senior Grade Auditor, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-12 |
| 13 | പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Rasheed V (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-13 |
| 14 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകത<br>Written By: Rasheed V (Senior Grade Auditor, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-14 |
| 15 | തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ<br>Written By: Muhammed Saleem T (Asst. Audit Officer, On 22-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-15 |
| 16 | കെഎസ്ഇബി ഡെപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റുകൾ അപൂർണ്ണം | 1-16 |

| | | |
|---|---|---|
| | Written By: Muhammed Saleem T (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | |
| 17 | ഫോമുകളും റജിസ്റ്ററുകളും വാർഷിക ആവശ്യകത പരിഗണിക്കാതെ വാങ്ങി<br>Written By: Muhammed Saleem T (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-17 |
| 18 | അനർഹർക്ക് ലാപ്ടോപ് വിതരണം നടത്തി<br>Written By: Muhammed Saleem T (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-18 |
| 19 | ആദായ നികുതി ഈടാക്കിയില്ല<br>Written By: Muhammed Saleem T (Asst. Audit Officer, On 23-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-19 |
| 20 | പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-20 |
| 21 | ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല<br>Written By: T.P.Abdul Jaleel (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-21 |
| 22 | ഷീറ്റ് മേയൽ: എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകിയത് ക്രമവിരുദ്ധം<br>Written By: T.P.Abdul Jaleel (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-22 |
| 23 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 9990 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-23 |
| 24 | വാടക ഇനത്തിൽ 16,46,295/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-24 |
| 25 | നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-25 |
| 26 | തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-26 |
| 27 | വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-27 |
| 28 | വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-28 |
| 29 | അനധികൃത നിർമ്മാണം - വസ്തു നികുതി ഇനത്തിൽ 19,04,213/-രൂപ രൂപയുടെ നഷ്ടം<br>Written By: Sujatha M (Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-29 |
| 30 | ഭവനപുനരുദ്ധാരണം പദ്ധതികൾ ( എസ് സി )- അപാകതകൾ<br>Written By: Ramakrishnan.T (Senior Grade Auditor, On 25-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 1-30 |
| 31 | CFLTC യുടെ ചെലവുകൾക്ക് കാഷ് ആയി തുകകൾ മുൻകൂർ നൽകി - ചെലവ് രേഖകൾ അപൂർണ്ണം<br>Written By: Muhammed Saleem T (Asst. Audit Officer, On 25-07-2022) | 1-31 |

| | | |
|---|---|---|
| | Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | ഷീറ്റ് മേയൽ: എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകിയത് ക്രമവിരുദ്ധം<br>Written By: T.P.Abdul Jaleel (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-1 |
| 2 | സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ടസ്റ്റ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 9990 രൂപ<br>Written By: T.P.Abdul Jaleel (Audit Officer, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-2 |
| 3 | പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകത<br>Written By: Rasheed V (Senior Grade Auditor, On 24-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-3 |
| 4 | അനർഹർക്ക് ലാപ്ടോപ് വിതരണം നടത്തി<br>Written By: Muhammed Saleem T (Asst. Audit Officer, On 02-08-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 3-4 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 18-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 18-07-2022) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 24-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 18-07-2022) | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ്<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 04-08-2022) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ.<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 18-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 18-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Rasheed V (Senior Grade Auditor, On 18-07-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം.<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 03-08-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 04-08-2022) | 4-10 |

| | | |
|---|---|---|
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ<br>Written By: Rasheed V (Senior Grade Auditor, On 18-07-2022)<br>Last Updated By: Satheesh Maveli (Senior Deputy Director, On 04-08-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

| 2020-21 ലെ ബജറ്റ് പാസ്സാക്കിയ നം./തിയ്യതി | ( പുതുക്കിയത് ) തീരുമാന നം./തിയ്യതി |
|---|---|
| 1, 19.03.2020 | - |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2020-21 | 31-07-2021 | 27-07-2021 |

## 1-3 സാമ്പത്തിക വിശകലനം

ധനകാര്യ പത്രിക പ്രകാരമുള്ള വിവരങ്ങൾ

| | |
|---|---|
| മുന്നിരിപ്പ് | 6,90,90,166 |
| വരവ് | 27,74,19,719.45 |
| ആകെ | 34,65,09,885.45 |
| ചെലവ് | 26,80,84,075 |
| നീക്കിയിരിപ്പ് | 7,84,25,810.45 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സായ തുക |
|---|---|---|---|---|---|
| വികസന ഫണ്ട്(ജനറൽ) | 0 | 37929066 | 37929066 | 36234702 | 1694364 |
| വികസന ഫണ്ട് (എസ്.സി.പി) | 0 | 12047667 | 12047667 | 8131813 | 3915854 |
| വികസന ഫണ്ട് (ടി.എസ് .പി) | | 2972333 | 2972333 | 1286792 | 1685541 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 0 | 11146596 | 11146596 | 11146596 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 0 | 10252247 | 10252247 | 5722387 | 4529860 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 0 | 64374002 | 64374002 | 44658922 | 19715080 |
| ബി ഫണ്ട് | 0 | 115788700 | 115788700 | 115788700 | 0 |
| സെൻട്രൽഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 0 | 25650000 | 25650000 | 6884293 | 18765707 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | ചെലവഴിച്ച തുക | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 275 | 251503413 | 211 | 144204123 | 11 | 53 | 80 |

## 1-6 തൊഴിലുറപ്പ് (AUEGS)

അയ്യങ്കാളി ക്യാഷ് ബുക്കിൽ (ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ) താഴെ പറയും പ്രകാരമാണ് യഥാർത്ഥ വരവ്- ചെലവ് കണക്കുകൾ രേഖപ്പെടുത്തിയിട്ടുള്ളത്.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 51146 | 1741846 | 11792992 | 12220995 | 428003 |

## 1-7 ക്ഷേമ പദ്ധതികൾ

2020-21 വർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 0 | 0 |
| കർഷകതൊഴിലാളി വേതനം | 5790500 | 3860 |
| വിധവാ പെൻഷൻ | 38368700 | 25579 |
| വാർദ്ധക്യകാല പെൻഷൻ | 57684500 | 38456 |
| വികലാംഗ പെൻഷൻ | 11004000 | 7336 |
| വിവാഹ ധനസഹായം | വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല | |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 2941000 | 1961 |

## 1-8 ക്യാഷ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.07.2022 ന് 4.15 Pm ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തി. പരിശോധനയിൽ 14749/-രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

1)കേരള ഫിനാൻഷ്യൽ കോഡ് വാല്യം l 120 മുതൽ 162വരെയുള്ള ആർട്ടിക്കിളുകൾ സ്റ്റോർസുമായി ബന്ധപ്പെട്ടവയാണ്.ആർട്ടിക്കൾ 150 പ്രകാരം I)അസംസ്കൃത വസ്തുകൾക്കും ,വിലകുറഞ്ഞ സ്റ്റോറുകൾക്കും Ii)ഓഫീസ് ഫർണ്ണീച്ചറുകൾക്കും സ്റ്റോറുകൾക്കും Iii)പുസ്തകങ്ങൾ,ഫോറങ്ങൾ ,സ്റ്റേഷനറികൾ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. ആയത് പൂർണ്ണമായി പാലിക്കപ്പെടുന്നില്ല. വാങ്ങിക്കുന്ന ഫോറങ്ങളും രജിസ്റ്ററുകളും പൂർണ്ണമായും സ്റ്റോക്കിൽ എടുക്കുകയും വിതരണവിവരങ്ങൾ ശരിയായി രേഖപ്പെടുത്തുകയും ചെയ്യുന്നില്ല.

ഗവ.സർക്കുലർ 86/2010/ ഫിൻ തീ.24.09.10 പ്രകാരം കമ്പ്യൂട്ടർ ഹാർഡ്‌വെയർ ,സോഫ്റ്റ് വെയർ എന്നിവയ്ക്കും പ്രത്യേക സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കണം എന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ,ആയതും പാലിക്കപ്പെടുന്നില്ല.

2)1994 ലെ കേരള നഗരപാലികാ നിയമം പ്രകാരം, ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതിയേതര ചെലവുകൾ എന്നാൽ കണ്ടിജന്റ് ചെലവുകൾ,അസാധാരണ ചെലവുകൾ ,ആവർത്തന സ്വഭാവമുള്ള സേവന -ക്ഷേമ പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ (ഉദാ. തെരുവു വിളക്കുകൾ,പൊതു കുടിവെള്ളവിതരണം,ശുചീകരണം മുതലായവ.),അടിയന്തിര പ്രവൃത്തികൾക്ക് വേണ്ടിയുള്ള ചെലവുകൾ എന്നിവയാണ്. അല്ലാത്തവ പദ്ധതി ചെലവുകളുടെ നിർവ്വചനത്തിൽ വരുന്നവയും പ്രോജക്ട് തയ്യാറാക്കി മാത്രം തുക ചെലവഴിക്കേണ്ടതുമാണ്.എന്നാൽ അപ്രകാരമല്ലാതെ യഥേഷ്ടം ചെലവുകൾ നടത്തുന്നു. ഉദാ. മുനിസിപ്പൽ വികസന ക്ഷേമ പ്രവർത്തനങ്ങളുടെ ഡോക്യുമെന്റേഷനു വേണ്ടി 204137 രൂപ ചെലവഴിച്ച .

3)ജി ഒ (എം എസ് ) നം. 10/2017/ത.സ്വ.ഭ.വ തി. 09.01.2017 പ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറണം. എന്നാൽ സെക്രട്ടറിയുടെ പ്രോജക്ടുകൾ ഒന്നും തന്നെ മോണിറ്ററിംഗ് നടത്തിയിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തിയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തിയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 07.01.2013 | 2011-12 | 11.04.2014 |
| എ ജി ഓഡിറ്റ് | 07.09.2018 | 2014-15 മുതൽ 2017-18 വരെ | 05.11.2018 |

## 1-11 വാർഷികകണക്ക് പരിശോധന – അപാകതകൾ

നിലമ്പൂർ നഗരസഭയുടെ 2020-2021 വർഷത്തെ വാർഷികകണക്ക് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്ക് (B-11 Schedule) ആസ്തി രജിസ്റ്ററുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2) ഡിമാന്റ് രജിസ്റ്ററിൽ വാർഷിക സംഗ്രഹം രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തിയിട്ടില്ലാത്തതിനാൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ താഴെ പറയുന്ന വരവിനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

| ക്രമനം. | വരവ് ഇനം | എ.എഫ്.എസിൽ വരവായി രേഖപ്പെടുത്തിയ തുക |
|---|---|---|
| 1 | വസ്തുനികുതി | 11387106 |
| 2 | ലൈസൻസ് ഫീസ് | 2099350 |
| 3 | തൊഴിൽ നികുതി - വ്യാപാരികൾ | 1997328 |
| 4 | ബിൽഡിംഗ് പെർമിറ്റ് ഫീസ് | 581013 |
| 5 | ബിൽഡിംഗ് പെർമിറ്റ്-റഗുലറൈസേഷൻ ഫീസ് | 180683 |
| 6 | റോഡ് കട്ടിംഗ് ചാർജ് | 9270 |

3) രേഖകൾ ലഭ്യമാക്കാത്തതിനാൽ Receipt From Hospitals And Dispensaries -125575 രൂപ, Other Fees – 2,82,179 രൂപ എന്നീയിനങ്ങളിൽ വരവ് രേഖപ്പെടുത്തിയതിന്റെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

4) താഴെ പറയുന്ന വരവിനങ്ങളിൽ വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുകയും ഡിമാന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമനം. | വരവ് ഇനം. | വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക | രജിസ്റ്ററിൽ രേഖപ്പെടുത്തിയ തുക |
|---|---|---|---|
| 1 | ഷോപ്പിംഗ് കോംപ്ലക്സ് റെന്റ് | ഡിമാന്റ് - 14,58,996<br>കളക്ഷൻ - 9,76,525<br>ബാലൻസ് - 4,82,471 | ഡിമാന്റ് - 12,28,792<br>കളക്ഷൻ - 9,76,105<br>ബാലൻസ് - 2,52,687 |
| 2 | ഷോപ്പിംഗ് കോംപ്ലക്സ് റെന്റ് കുടിശ്ശിക | ഡിമാന്റ് - 11,80,099<br>കളക്ഷൻ - 1,68,664<br>ബാലൻസ് - 11,63,824 | ഡിമാന്റ് - 1,87,016<br>കളക്ഷൻ - 1,68,664<br>ബാലൻസ് - 18,352 |
| 3 | തൊഴിൽ നികുതി (ജീവനക്കാർ) | ഡിമാന്റ് - 71,52,870<br>കളക്ഷൻ- 70,53,320 | ഡിമാന്റ് - 73,22,320<br>കളക്ഷൻ- 73,22,320<br>വാർഷിക സംഗ്രഹം സാക്ഷ്യപ്പെടുത്തിയിട്ടില്ല. |

5) RP 22 (Poverty Allieviation Fund ഒഴികെ), RP-24 എന്നിവയിൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല

6) ലോൺ രജിസ്റ്ററിൽ ശരിയായി വിവരങ്ങൾ ചേർത്തിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 5 ൽ രേഖപ്പെടുത്തിയ ലോൺ ഇനങ്ങളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

7) ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 7 ൽ രേഖപ്പെടുത്തിയ തുകകളുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

8) വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B-3 ൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരികത പരിശോധിക്കാനായിട്ടില്ല.

9) താഴെ പറയുന്ന ഇനങ്ങളിൽ എ സി ആർ പ്രകാരമുള്ള ചെലവുതുകയും വാർഷികകണക്കിലെ തുകയും ഗ്രാന്റ് സ്റ്റേറ്റുമെന്റ് പ്രകാരമുള്ള തുകയും തമ്മിൽപ്പൊരുത്തമില്ല.

| ക്രമനം. | ഇനം | വാർഷികകണക്കിൽ രേഖപ്പെടുത്തിയ തുക | എ സി ആർ പ്രകാരമുള്ള തുക | വ്യത്യാസം | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം തുക |
|---|---|---|---|---|---|
| 1 | വികസനഫണ്ട് (ജനറൽ) | 3,58,08,678 | 3,62,34,702 | 4,26,024 | 44167636 |
| 2 | സി എഫ് സി (അൺടൈഡ്) | 4.43.61,100 | 4,46,58,922 | 2,97,822 | 12824321 |
| 3 | സി എഫ് സി (ടൈഡ്) | 63,60,314 | 68,84,293 | 5,23,979 | 6884293 |
| 4 | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 55,54,807 | 57,22,387 | 1,67,580 | 5722387 |

10) ഷെഡ്യൂൾ B- 18പ്രകാരം, Festival Advance To Employees - 36,800 രൂപയാണ് എന്നാൽ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ബാലൻസ് ഇല്ല. കൂടാതെ, അഡ്വാൻസ് രജിസ്റ്ററിൽ വിവരം രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ ഷെഡ്യൂൾ B- 18 ൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനങ്ങളിലെ തുകകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

| | |
|---|---|
| Miscellaneous Advance | 346300 |
| Other Loan And Advance To Employees | 2272 |
| Advance To Beneficiary Commitee Conveners-Special Fund | 100000 |
| Advance To Implementing Agencies -Muncipal Fund | 35661 |
| Advance To Implementing Agencies -Special Fund | 29879 |
| Advance To Projects -Muncipal Fund | 3082000 |
| Electricity Deposits | 18,000 |
| Water Deposit | 387805 |
| Standing Advance | 1000 |

11) രേഖകളുടെ അഭാവത്തിൽ, ഷെഡ്യൂൾ B- 19 ൽ രേഖപ്പെടുത്തിയ തുകയുടെ ആധികാരിക ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

12) രേഖകളുടെ അഭാവത്തിൽ ഷെഡ്യൂൾ B- 15 ൽ രേഖപ്പെടുത്തിയ താഴെ പറയുന്ന ഇനങ്ങളിലുള്ള തുകകളുടെ ആധികാരിക ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

| ഇനം | തുക |
|---|---|
| Receivables For Advertisment Tax (Current) | 1,23,219 |
| Receivables For Advertisment Tax (Arrears) | 58,125 |
| Other Receivables - Current | 213792 |
| Other Receivables - Arrears | 2043370 |

| | |
|---|---|
| Receivables For Other Fees (Arrears) | 15,227 |
| Grants Receivable | 616871 |

13) ലഭ്യമാക്കിയ റീകൺസിലേഷൻ പത്രികകളിൽ Cheque Issued But Not Presented In To Bank, Directly Credited By Bank, Cheque Deposited But Not Collected ,Directly Debited By Bank എന്നിവയുടെ വിവരം ലഭ്യമാക്കിയിട്ടില്ല. തൻമൂലം പ്രസ്തുത സ്റ്റേറ്റുമെന്റുകളുടെ ആധികാരികത ഓഡിറ്റിന് പരിശോധിക്കാനായിട്ടില്ല.

14) ഷെഡ്യൂൾ B-1 ൽ Suspense ഇനത്തിൽ 85,63,139 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. തുക ഏത് ഇനങ്ങളിൽ വരവായി ലഭ്യമായതാണ് എന്നതിന്റെ വിവരം പരിശോധനക്ക് ലഭ്യമാക്കിയില്ല.

15) വിവാഹ ധനസഹായം ഇനത്തിൽ വാർഷിക കണക്കിൽ 38368700 രൂപ രേഖപ്പെടുത്തിയിട്ടുണ്ട്. രേഖകൾ ലഭ്യമാക്കാത്തതിനാൽ പരിശോധിക്കാനായിട്ടില്ല.

16) AUEGS ഇനത്തിലെ വാർഷികകണക്ക് പ്രകാരം ആകെ ചെലവ് 1,23,82,139 രൂപയാണ് എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരം ആയത് 1,22,20,995 രൂപയാണ്.

അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.12/2020-21/19-07-2022 )

## 1-12 നിലവിലുള്ള കെട്ടിടത്തിൻമേലുള്ള അധിക നിർമ്മാണം - പെർമിറ്റ് അനുവദിച്ചതിലെ അപാകത

നിലവിലുള്ള കെട്ടിടത്തിൻമേലുള്ള അധിക നിർമ്മാണത്തിനുള്ള പെർമിറ്റ് അപേക്ഷയുടെ കൂടെയുള്ള പ്ലാനിൽ നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം നഗരസഭയിലെ വസ്തുനികുതി നിർണ്ണയ രേഖകൾ പ്രകാരമുള്ള വിസ്തീർണ്ണത്തേക്കാൾ കൂടുതലായാണ് കാണിച്ചിരിക്കുന്നത്. നഗരസഭ വസ്തുനികുതി നിർണ്ണയിച്ചതിന് ശേഷം കെട്ടിടത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട് എന്നാണ് ഇതിൽ നിന്നും വ്യക്തമാവുന്നത്. എന്നാൽ ഈ അധിക വിസ്തീർണ്ണം മതിയായ ഫീസ് ഈടാക്കി ക്രമവത്കരിച്ച് നൽകാതെയാണ് പുതുതായി അധിക നിർമ്മാണത്തിന് പെർമിറ്റ് അനുവദിക്കുന്നത്. വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിടയുടമയുടെ പേരും വിലാസവും | കെട്ടിടത്തിന്റെ വിവരം | സഞ്ചയ പ്രകാരം കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം |
|---|---|---|---|
| 1 | ശ്രീ. അബ്ദുൾ കബീർ, നരിക്കോട്ടുമ്മൽ ഹൌസ്, ചന്തക്കുന്ന്, നിലമ്പൂർ. (ഫയൽ നമ്പർ. 276/20-21)<br>(കെട്ടിട നമ്പർ. 9/758 - 100 $M^2$ ) | വാണിജ്യ കെട്ടിടം, തറ വിസ്തീർണ്ണം- Existing G.F- 119.73 $M^2$<br>Existing F.F- 5.80 $M^2$<br>Additional GF – 31 $M^2$<br>ആകെ - 156.53 M2 | സഞ്ചയ പ്രകാരം 100 $M^2$<br>ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 125.53 $M^2$<br>ആണ്. അധികമുള്ള 25.53 $M^2$<br>ക്രമവത്കരിക്കാതെയാണ് 31 $M^2$<br>അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| 2 | ശ്രീ.ഗോപാലകൃഷ്ണൻ പെരിയൻമന വീട്, കല്ലേംപാടം, നിലമ്പൂർ.<br>(ഫയൽ നമ്പർ.260/20-21)<br>(കെട്ടിട നമ്പർ.31/143 – 115 $M^2$) | പാർപ്പിടം (ക്വാർട്ടേഴ്സ്), തറ വിസ്തീർണ്ണം- Existing G.F- 120.58 $M^2$<br>Existing F.F- 14.37 M2<br>Additional FF – 38.03 $M^2$<br>ആകെ - 172.98 $M^2$ | സഞ്ചയ പ്രകാരം 115 $M^2$<br>ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 134.95 $M^2$<br>ആണ്. അധികമുള്ള 19.95 $M^2$<br>ക്രമവത്കരിക്കാതെയാണ് 38.03 $M^2$<br>അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| 3 | ശ്രീ.ശിവൻ, പേട്ടേടത്ത് ഹൌസ്, പട്ടരാക്ക, നിലമ്പൂർ.<br>(കെട്ടിട നമ്പർ.27/242 – 85 $M^2$)<br>(ഫയൽ നമ്പർ.456/20-21) | പാർപ്പിടം, തറ വിസ്തീർണ്ണം- Existing G.F- 95.23 $M^2$<br>Additional FF – 82.41 $M^2$<br>ആകെ – 177.64 $M^2$ | സഞ്ചയ പ്രകാരം 85 $M^2$<br>ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. എന്നാൽ പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 95.23 $M^2$<br>ആണ്. അധികമുള്ള 10.23 $M^2$<br>ക്രമവത്കരിക്കാതെയാണ് 82.41 $M^2$<br>അധികനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |
| 4 | ശ്രീ.ജോയ്സ് ജോസഫ്, കണിയന്തറ ഹൌസ്, ടാണ, മമ്പാട്.<br>(കെട്ടിട നമ്പർ.31/409 – 75 $M^2$)<br>(ഫയൽ നമ്പർ.416/20-21) | വാണിജ്യം, തറ വിസ്തീർണ്ണം- Existing (Separate Building)- 118.72 $M^2$ (Mini Industrial Building -G2)<br>Proposed – 614.90 $M^2$ (വാണിജ്യം)<br>ആകെ – 733.62 $M^2$ | സഞ്ചയ പ്രകാരം 75 $M^2$<br>ആണ് നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം. Mini Industrial Building -G2 വിനിയോഗത്തിലുള്ള ഈ കെട്ടിടത്തിന് വാണിജ്യം എന്ന വിനിയോഗത്തിലാണ് സഞ്ചയയിൽ നികുതി നിർണ്ണയിച്ചിരിക്കുന്നത്. പ്ലാൻ പ്രകാരം നിലവിലുള്ള കെട്ടിടത്തിന്റെ തറവിസ്തീർണ്ണം 118.72 $M^2$<br>ആണ്. അധികമുള്ള 43.72 $M^2$<br>ക്രമവത്കരിക്കാതെയാണ് 614.90 $M^2$<br>തറവിസ്തീർണ്ണമുള്ള കെട്ടിടനിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിട്ടുള്ളത്. |

അപാകതകൾക്ക് കാരണം വിശദമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി. 25(2020-21)/22.07.2022 – മറുപടി ലഭ്യമാക്കിയിട്ടില്ല.)

## 1-13 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ - പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

| | |
|---|---|
| പ്രൊജക്ട് നമ്പർ | 175/21 |
| അടങ്കൽ തുക | 2,30,000/- രൂപ |
| വിനിയോഗിച്ച തുക | 2,29,906/- രൂപ (വികസന ഫണ്ട് - ടി.എസ്.പി) |
| ബിൽ നമ്പർ / തീയതി | 20150747002201163789 തീയതി.26.02.2021 – 1,94,922/- രൂപ. |
| | 20150747002201377483 തീയതി.26.03.2021 – 34,984/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, (ജി.എൽ.പി.എസ്) |

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന ഉപകരണങ്ങൾ വാങ്ങൽ എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ സിഡ്കോയിൽ നിന്നും 46 മേശയും കസേരയും (സ്റ്റീൽ) വാങ്ങിയിട്ടുണ്ട്. (ഒരു വിദ്യാർത്ഥിക്ക് 4998 രൂപയുടെ പാഠനോപകരണം) സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ)നം.22/2018/തസ്വഭവ തീയതി.14.02.2018) ഖണ്ഡിക 7.2.7 പ്രകാരം, സ്കൂൾ അധികൃതർ സാക്ഷ്യപ്പെടുത്തി നൽകുന്ന ലിസ്റ്റ് പ്രകാരമായിരിക്കണം ഫർണിച്ചറുകൾ വാങ്ങി നൽകേണ്ടത്. പട്ടികജാതി / പട്ടികവർഗ്ഗ വകുപ്പിൽ നിന്നോ മറ്റേതെങ്കിലും സ്രോതസ്സുകളിൽ നിന്നോ ഇതേ ആനുകൂല്യം ലഭിച്ചവർ അർഹരുമല്ല. എന്നാൽ താഴെ പറയുന്ന വിദ്യാർത്ഥികളുടെ അപേക്ഷയുടെ കൂടെ വിദ്യാർത്ഥിയാണെന്ന്

തെളിയിക്കുന്നതിന് സ്കൂൾ അധികൃതരുടെ സാക്ഷ്യപത്രമോ, പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും ഇതേ ആനുകൂല്യം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രമോ, പട്ടികവർഗ്ഗ വിദ്യാർത്ഥിയാണ് എന്ന് തെളിയിക്കുന്ന രേഖകളോ ഹാജരാക്കിയിട്ടില്ല.

| ക്രമ നമ്പർ | വിദ്യാർത്ഥിയുടെ പേരും വിലാസവും |
|---|---|
| 1 | അഞ്ജന പനയംകോടൻ |
| 2 | മനമോൾ വെളുത്തേടത്ത് |
| 3 | നിഷ വെളുത്തേടത്ത് |
| 4 | നീതു വെളുത്തേടത്ത് |
| 5 | ആതിര അരിപ്പറ്റ |
| 6 | ഗ്രീഷ്മ പനയംകോടൻ |
| 7 | നന്ദൻ നെല്ലിപറമ്പൻ |
| 8 | പ്രസിത പനയംകോടൻ |
| 9 | വിസ്മയ പനയംകോടൻ |
| 10 | വിജീഷ് പനയംകോടൻ |
| 11 | മീര.പി, പനയംകോടൻ |
| 12 | വിജിത.എൻ, നല്ലംതണ്ണി എസ്.ടി കോളനി |
| 13 | നീരജ മുക്കർശ്ശി കോളനി |
| 14 | ശ്രീക്കുട്ടി മുക്കർശ്ശി കോളനി |

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 7(2020-21)/14.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നത് വരെ മേൽ 14 വിദ്യാർത്ഥികൾക്ക് പഠനോപകരണം വാങ്ങി നൽകുന്നതിന് ചെലവഴിച്ച 69,972/- (14 X 4998) രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

## 1-14 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകത

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 126/21 |
| അടങ്കൽ തുക | 5,00,000/- രൂപ |
| വിനിയോഗിച്ച തുക | 5,00,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ / തീയതി | 20150747002201298614 തീയതി.19.03.2021 – 95,000/- രൂപ. |
| | 20150747002201291792 തീയതി.19.03.2021 – 3,95,000/- രൂപ. |
| | 20150747002201377492 തീയതി.26.03.2021 – 10,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, (ജി.എൽ.പി.എസ്) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 5,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ. 20150747002201291792 തിയ്യതി. 19.03.2021 പ്രകാരം 20,000/- രൂപ സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട അഖിൻ രാഗ്. പി.എം, പുലത്ത്കുടിയിൽ ഹൌസ്, നല്ലംതണ്ണി.പി.ഒ, മുതീരി, എന്ന വിദ്യാർത്ഥി കോഴിക്കോട് വനിതാ ഐ.ടി.ഐ യിലെ എയർകാർഗോ ഷിപ്പിംഗ് & ലോജിസ്റ്റിക്സ് മാനേജ്മെന്റ് ഡിപ്ലോമ വിദ്യാർത്ഥിനിയാണ്. 2020-21 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.5 പ്രകാരം പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കെല്ലാം 15,000/- രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കാവുന്നത്. ഈ വിദ്യാർത്ഥിനിക്ക് 5,000/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 6(2020-21)/14.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 5,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 1-15 തെരുവ് വിളക്ക് സ്ഥാപിക്കൽ - അപാകതകൾ

തെരുവ് വിളക്കുകൾക്കായി ഓഡിറ്റ് വർഷത്തിൽ 2 പ്രൊജക്ടുകളുടെ നിർവ്വഹണം നടത്തിയിട്ടുണ്ട്. പ്രൊജക്റ്റ് സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് | സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ (103/21) | സ്ട്രീറ്റ് ലൈറ്റ് വാങ്ങി സ്ഥാപിക്കൽ (314/21) |
|---|---|---|
| അടങ്കൽ | 5700000(ധനകാര്യ കമ്മീഷൻ അവാർഡ്) | 1553307(വികസനഫണ്ട്) |
| കരാറെടുത്ത സ്ഥാപനം | ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ | ആർട്ടിസാൻസ് ഡവലപ്മെന്റ് കോർപ്പറേഷൻ |
| ഇൻവോയിസ് | KKD244/2.11.20 Rs. 3702150<br>KKD673/30.3.20 Rs. 1997848<br>(2850 രൂപ നിരക്കിൽ 25 വാട്ടിന്റെ 2000 സ്ട്രീറ്റ് ലൈറ്റുകളുടെ വില) | KKD168/22.9.20 Rs. 1554800<br>(5200 രൂപ നിരക്കിൽ 50 വാട്ടിന്റെ 299 സ്ട്രീറ്റ് ലൈറ്റുകളുടെ വില) |
| ചെലവ് | 4998899 | 1553307 |
| ബിൽ നമ്പർ | 20150747001001408877/28.3.21 – 3702150<br>20150747001001409865/28.3.21 – 1296749 | 20150747001001008384/28.1.21 – 1296749 |

2019-20 ലെ 402/20 നമ്പർ ബഹുവർഷ പ്രൊജക്റ്റിന്റെ തുടർച്ചയായാണ് 2020-21 ൽ 103/21 നമ്പർ പ്രൊജക്റ്റ് നടപ്പിലാക്കുന്നത്. രണ്ട് പ്രൊജക്റ്റിലുമായി 2299 തെരുവ് വിളക്കുകൾ സ്ഥാപിച്ചതിന്റെ പണം നൽകിയിട്ടുണ്ട്. പ്രൊജക്റ്റ് നിർവ്വഹണവുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ ഉണ്ട്.

1. പ്രൊജക്റ്റ് നമ്പർ 103/21 പ്രകാരം 25 വാട്ടിന്റെയും 314/21 ൽ 50 വാട്ടിന്റെയും തെരുവ് വിളക്കുകളാണ് സ്ഥാപിച്ചത്. ഓരോ പ്രൊജക്റ്റിലും സ്ഥാപിക്കേണ്ട തെരുവ് വിളക്കിന്റെ വാട്ട്സ് സംബന്ധിച്ച വിവരങ്ങൾ പ്രൊജക്റ്റിൽ ഇല്ല. ആയത് തീരുമാനിച്ചതിന്റെ വിവരം ലഭ്യമല്ല.

2. 28.10.2020 ൽ ആർട്ട്കോയുമായി ഒപ്പ് വെച്ച കരാറിലെ വ്യവസ്ഥ 6 പ്രകാരം മെയിന്റനൻസ് പ്രവൃത്തികൾക്ക് സ്ഥാപനം 1.2.2021 മുതൽ 2 വർഷത്തേക്ക് ഒരു സ്റ്റാഫിനെ നിയമിക്കേണ്ടതാണ്. ആയത് ഉടൻ നിയമിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണെന്ന് 22/3/21 ലെ പി1-18074/20 നമ്പർ കത്ത് വഴി മുനിസിപ്പാലിറ്റി ആർട്ട്കോയെ അറിയിച്ചു. ഉടർ നടപടി സംബന്ധിച്ച വിവരം ലഭ്യമല്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

3. കരാർ വ്യവസ്ഥ 5 പ്രകാരം സ്ഥാപനം ഒരു കംപ്ലയിന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതുണ്ട്. ആയത് സൂക്ഷിച്ചിട്ടില്ല. അതിനാൽ തന്നെ കരാർ കാലാവധിയിൽ തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണി ശരിയായി മോണിറ്റർ ചെയ്യപ്പെട്ടിട്ടില്ല.

5. തെരുവ് വിളക്ക് പ്രവൃത്തിക്ക് KSEB യുടെ അനുമതി സംബന്ധിച്ചും KSEBക്ക് സൂപ്പർവിഷൻ ചാർജ് നൽകിയതിന്റെയും രേഖകൾ ലഭ്യമല്ല.

6. പ്രൊജക്റ്റ് നമ്പർ 314/21 പ്രകാരം വാങ്ങിയ 299 ബൾബുകൾ PW2(H1) 17436/19 നമ്പർ സ്റ്റോക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊജക്റ്റ് നമ്പർ 103/21 പ്രകാരം വാങ്ങിയ 2000 ബൾബുകൾ സ്റ്റോക്കിലെടുത്തിട്ടില്ല.

7. പ്രൊജക്റ്റ് നമ്പർ 103/21ൽ 33 വാർഡുകളിലായി 1524 തെരുവ് വിളക്ക് സ്ഥാപിച്ചതിന്റെ സാക്ഷ്യ പത്രം വാർഡ് മെമ്പർമാർ നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന സ്ഥലങ്ങളിൽ സ്ഥാപിച്ച 421 തെരുവ് വിളക്കുകളുടെ വിവരം ചെയർപേഴ്സണും സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. ഇത് പ്രകാരം ആകെ 1945 തെരുവ് വിളക്കുകൾ മാത്രമാണ് സ്ഥാപിച്ചത്. സ്ഥാപിക്കാത്ത തെരുവ് വിളക്കുകൾക്ക് നൽകിയ 55 X 2850 = 156750 രൂപ തിരികെ ഈടാക്കേണ്ടതാണ്.

8. CN 37, CN40, KAV53A എന്നീ വൈദ്യുതിക്കാലുകൾ 50 വാട്ടിന്റെ തെരുവ് വിളക്കുകൾ സ്ഥാപിച്ചവയുടെ ലിസ്റ്റിലും 25 വാട്ടിന്റെ തെരുവ് വിളക്കുകൾ സ്ഥാപിച്ചവയുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ചെയർപേഴ്സൺ സാക്ഷ്യപ്പെടുത്തി നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ സ്ഥാപിച്ചതിന്റേതല്ലാത്ത പണം തിരികെ ഈടാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 1/6.7.22. ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥാപനത്തിനു നൽകാൻ അവശേഷിക്കുന്ന തുകയിൽനിന്ന് ഈ തുകകൾ കുറവ് ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-16 കെഎസ്ഇബി ഡെപ്പോസിറ്റ് പ്രവൃത്തികൾ - എസ്റ്റിമേറ്റുകൾ അപൂർണ്ണം

2020-21 ൽ സ്ട്രീറ്റ് മെയിൻ, സ്ട്രീറ്റ് ലൈറ്റ് ഓട്ടോമാറ്റിക് കൺട്രോളർ എന്നിവ സ്ഥാപിക്കുന്നതിനു താഴെ പറയുന്ന പ്രൊജക്റ്റുകൾ പ്രകാരം പണം ചെലവഴിച്ചിട്ടുണ്ട്.

| പ്രൊജക്റ്റ് | ചെലവ് തുക | ബിൽ റഫറൻസ് നമ്പർ / തിയ്യതി |
|---|---|---|

| | | |
|---|---|---|
| നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (133/21) | 1355534 | 2015074700100140880/ 28.3.21 |
| നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (244/21) | 3300000 | 2015074700100776790/ 20.5.20 |
| സ്ട്രീറ്റ് ലൈറ്റിനു ടൈമറോടുകൂടിയ ഓട്ടോമാറ്റിക് കൺട്രോളർ സ്ഥാപിക്കുന്നതിനു. (167/21) | 307824 | 2015074700100051744 5/ 14.9.20 |
| ആകെ | 4963358 | |

1. പ്രൊജക്ട് 133/21, 244/21 എന്നീ പ്രൊജക്ടുകൾ പ്രകാരമുള്ള ആകെ ചെലവ് തുക 4963358 രൂപ കെഎസ്ഇബി നിലമ്പൂർ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ AS/6119/20-21 തിയ്യതി 7.5.20 പ്രകാരമുള്ള എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് നൽകിയിട്ടുള്ളത്. ഈ എസ്റ്റിമേറ്റിൽ Cost Of Material, Provision For Overheads And Contigencies, Labour Charge, Tax Provision, Supervision Charge എന്നീ ഘടകങ്ങൾക്ക് പുറമേ Lumpsun Provision For Unforseen Items എന്ന പേരിൽ 1456142.37 രൂപ വകയിരുത്തിയിട്ടുണ്ട്. ഇത് ആകെ എസ്റ്റിമേറ്റ് തുകയുടെ 31.27 ശതമാനം ആണ്. കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ഖണ്ഡിക 1601.1.2 (ഇ) പ്രകാരം Lump-Sum Provision എസ്റ്റിമേറ്റ് തുകയുടെ 5 ശതമാനത്തിൽ അധികമാകരുത്. ഈ പ്രവൃത്തിയുടെ വിനിയോഗ സാക്ഷ്യപത്രത്തോടൊപ്പം വിശദമായ ചെലവ് വിവരങ്ങൾ കെഎസ്ഇബി നൽകിയിട്ടില്ല. Unforseen Items നു വകയിരുത്തിയ തുക എന്താവശ്യങ്ങൾക്ക് ആണെന്ന് മുനിസിപ്പാലിറ്റി കെഎസ്ഇബിയോട് അവശ്യപ്പെടുകയോ കെഎസ്ഇബി അറിയിക്കുകയോ ചെയ്തിട്ടില്ല. ആയത് ലഭ്യമാക്കി അറിയിക്കേണ്ടതാണ്.

2. ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ Automatic Street Light Controller With Metering Provision 30 എണ്ണത്തിന്റെ വില 6500 രൂപ നിരക്കിൽ ആകെ 195000 രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പ്രൊജക്ട് 167/21 ന്റെ El.Sn/ NBR/St.light /19-20/95 Dated 20.12.19 പ്രകാരമുള്ള എസ്റ്റിമേറ്റിൽ Automatic Street Light Controller With Timer 22 എണ്ണത്തിന്റെ വില 10600 രൂപ നിരക്കിൽ 233200 രൂപയും വകയിരുത്തിയിട്ടുണ്ട്. ഈ രണ്ട് പ്രവൃത്തികളും പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമായിട്ടുമുണ്ട്. അതിനു ശേഷം 4,655,534 രൂപ ചെവലഴിച്ച് സ്ട്രീറ്റ് ലൈൻ വലിച്ച ഭാഗങ്ങളിൽ അവ പ്രവർത്തനക്ഷമമാകുന്നതിനു മീറ്ററുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനു എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു 20.6.22 ലെ P1-759/20 നമ്പർ കത്തിലൂടെ കെഎസ്ഇബിയോട് ആവശ്യപ്പെടുന്നുണ്ട്. സ്ട്രീറ്റ് ലൈൻ വലിക്കുന്നതിനു തയ്യാറാക്കുന്ന പ്രൊജക്റ്റിൽ അവ പ്രവർത്തനക്ഷമമാകുന്നതിനു ആവശ്യമായ എല്ലാ ഇനങ്ങളും വേണ്ട അളവിൽ ഉൾപ്പെടുത്തേണ്ടതാണ്. (ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 2/7.7.22.(20-21നു മറുപടി ലഭ്യമായിട്ടില്ല.)

## 1-17 ഫോമുകളും രജിസ്റ്ററുകളും വാർഷിക ആവശ്യകത പരിഗണിക്കാതെ വാങ്ങി

വൗച്ചർ നമ്പർ 22000437/3.7.2020 പ്രകാരം 345661 രൂപക്ക് ഫോമുകളും രജിസ്റ്ററുകളും ഗ്രാമലക്ഷ്മി മുദ്രാലയത്തിൽനിന്ന് വാങ്ങിയിട്ടുണ്ട്. ഇൻവോയിസ് വിവരം താഴെ ചോർക്കുന്നു.

| ഇൻവോയിസ് നമ്പർ | ചെലവ് തുക | വാങ്ങിയ സാധനങ്ങൾ |
|---|---|---|
| TVM708/14.12020 | 23921 | കമ്പ്യൂട്ടർ കാഷ് റസിപ്റ്റ് 20000 എണ്ണം |
| TVM/746/31.1.2020 | 197840 | 39 ഇനം ഫോമുകളും രജിസ്റ്ററുകളും |
| TVM766/6.2.2020 | 123900 | ഫ്രണ്ട് ഓഫീസ് കൈപറ്റ് രസിതി 80000 എണ്ണം |

ഈപർച്ചേസ് സംബന്ധിച്ച് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. 3 ഇൻവോയിസുകളിലുമായി ആകെ 41 ഇനം സാധനങ്ങൾ വാങ്ങിയെങ്കിലും 33 ഇനങ്ങൾ മാത്രമാണ് സ്റ്റോക്കിൽ എടുത്തതായി കാണുന്നത്.

2. സ്റ്റോക്കിൽ എടുത്ത സാധനങ്ങളുടെ വിതരണ വിവരം സ്റ്റോക് രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല.

3. വാർഷിക ആവശ്യകത വിലയിരുത്താതെ ചില ഫോമുകളും രജിസ്റ്ററുകളും വലിയ അളവിൽ വാങ്ങിയതായി കാണുന്നു. ഇൻവോയിസ് നമ്പർ TVM/746/31.1.2020 പ്രകാരം വാങ്ങിയ ചില ഇനങ്ങളുടെ ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | എണ്ണം, വില -(പാക്കിംഗ് ചാർജ് 5% + GST 5% ഉൾപ്പെടെ.) | ആവശ്യകത സംബന്ധിച്ച വിലയിരുത്തൽ |
|---|---|---|

| | | |
|---|---|---|
| Profession Tax Form No. VI (തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ്) | 14000 എണ്ണം, @1.3 = 20065.5 | തൊഴിൽനികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരം 2019-20 ൽ 205 സ്ഥാപനങ്ങളിൽ നിന്നും 2020-2021 ൽ 217 സ്ഥാപനങ്ങളിൽ നിന്നുമാണ് തൊഴിൽ നികുതി ഡിമാന്റ് ചെയ്തത്. രണ്ട് അർദ്ധ വർഷങ്ങളിലേക്കുമായി പരമാവധി പ്രതിവർഷ ആവശ്യകത 500 എണ്ണം മാത്രമാണ് |
| Profession Tax Form No. VII (സ്വയം ശമ്പളം എഴുതി വാങ്ങുന്ന ഉദ്യോഗസ്ഥരുടെ റിട്ടേൺ ഫോം.) | 14000 എണ്ണം , @1.3 = 20065.5 | |
| Profession Tax Assessment Form | 10000 എണ്ണം , @1.3 =14332.5 | കൂടുതൽ ജീവനക്കാരുള്ള സ്ഥാപനങ്ങളിൽ ഒന്നിലധികം ഫോമുകൾ ആവശ്യമാകാമെങ്കിലും പ്രതിവർഷ ആവശ്യകത 1000 എണ്ണത്തിൽ അധികമാകില്ല. |
| Profession Tax Half Year Assessssment List (സംരഭക സ്ഥാപനങ്ങളുടെ അസസ്മെന്റ് ഫോം) | 25000 എണ്ണം, @ 2.55 = 70284.3 | 2019-20, 2020-21 വർഷങ്ങളിൽ ആകെ ഉപയോഗിച്ചത് 250 എണ്ണത്തിൽ താഴെ വീതം. പരമാവധി പ്രതിവർഷ ആവശ്യകത 500 എണ്ണം മാത്രമാണ്. |
| D&O Register | 50 എണ്ണം, @ 154 , 18% GST = 9540.3 | 2019-20, 2020-21 വർഷങ്ങളിൽ ലൈസൻസ് വിവരങ്ങൾ കംമ്പ്യൂട്ടറൈസ് ചെയ്തതിനാൽ വിവരങ്ങൾ മാന്വൽ ആയി തയ്യാറാക്കിയിട്ടില്ല. രജിസ്റ്റർ ആവശ്യകത ഇല്ല. |

മേൽ അപാകത സംബന്ധിച്ച് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9/15.7.22(20-21) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ഭാവിയിൽ അപാകതകൾ ഒഴിവാക്കേണ്ടതാണ്.

## 1-18 അനർഹർക്ക് ലാപ്ടോപ് വിതരണം നടത്തി

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം എന്ന പ്രൊജക്ടിന്റെ നിർവ്വഹണത്തിൽ ബിൽ നമ്പർ 20150747001000184661/20.5.20 പ്രകാരം സിഡ്ക്കോയിൽനിന്ന് 681090 രൂപക്ക് 30 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. (ഇൻവോയിസ് നമ്പർ ITP/03391/20-21 Dated 30.9.20) എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനു സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 22/2018 /തസ്വഭവ, തിയ്യതി 14.2.2018 ഖണ്ഡിക 7.2.8 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളോടെ അനുമതി നൽകിയിട്ടുണ്ട്.

1. ബിരുദം, ബിരുദാനന്തര ബിരുദം, എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) CA ആർട്ടിക്കിൾഷിപ്പ് പോളി ടെക്നിക് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവരാകണം.

2. സർക്കാർ/എയിഡഡ്/സ്വാശ്രയ/സർവ്വകലാശാല അഫിലിയേറ്റഡ്/ സ്ഥാപനങ്ങളിൽ പഠിക്കുന്നവരാകണം. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജറാക്കണം.

3. വകുപ്പിൽനിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

| ഗുണഭോക്താവ് | ഗുണഭോക്താവ് ഹാജറാക്കിയ രേഖ | അർഹത |
|---|---|---|
| അനീന സി | മാനവേദൻ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പളുടെ 4.12.2019 ലെ ഹയർ സെക്കന്ററി വിദ്യാർത്ഥി ആണെന്ന സാക്ഷ്യപത്രം | മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന കോഴ്സിന് പഠിക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| ശ്രീഷ്ണ എം | EMC (എടവണ്ണ) സ്കൂൾ ഓഫ് നഴ്സിംഗ് എന്ന സ്വകാര്യ സ്ഥാപനം നൽകിയ സാക്ഷ്യപത്രം. | കോഴ്സിന്റെ പേരോ കാലാവധിയോ ഇല്ല. |

| | | |
|---|---|---|
| ഹർഷ പി | ആര്യകോളേജ്, ബസ് സ്റ്റാന്റ് നിലമ്പൂർ എന്ന സ്വകാര്യ സ്ഥാപനം നൽകിയ | ഫാർമസി അസിസ്റ്റന്റ് കോഴ്സിനു പഠിക്കുന്നു എന്ന സാക്ഷ്യപത്രം |

സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ ലാപ്ടോപ് നൽകിയതിനു ചെലവഴിച്ച തുക 68,109 രൂപ (3 X 22703) തിരികെ ഈടാക്കേണ്ടതാണ്. ഒരു ഗുണഭോക്താവും വകുപ്പിൽനിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്.

## 1-19 ആദായ നികുതി ഈടാക്കിയില്ല

നഗരസഭ എഞ്ചിനീയറിംഗ് വിഭാഗത്തിന് കരാർ അടിസ്ഥാനത്തിൽ വാഹനം വിളിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചതിൽ കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ. അബ്ദുൾ ഹക്കീം ചുങ്കത്ത് വീട് , ചന്തക്കുന്ന് പി ഒ എന്നയാളുടെ ക്വട്ടേഷൻ (പ്രതി മാസം 32,000 രൂപ ) അംഗീകരിക്കുകയും ടിയാന് 384000 രൂപ വാടക ഇനത്തിൽ നൽകിയിട്ടുമുണ്ട്

ഇൻകം ടാക്സ് നിയമം സെക്ഷൻ 194C പ്രകാരം വാഹന വാടക ഇനത്തിൽ ഒരു വ്യക്തിക്ക് ഒരു വർഷം നൽകുന്ന തുക 100000 രൂപയിൽ അധികമാണ് എങ്കിൽ 1% ആദായ നികുതി ഈടാക്കേണ്ടതുണ്ട്. എന്നാൽ ആദായ നികുതി ഈടാക്കാതെ മുഴുവൻ തുകയും കരാറുകാരന് നൽകിയിരിക്കുകയാണ്. ആദായ നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. കൂടാതെ, പ്രതിദിനം /പ്രതിമാസം സഞ്ചരിക്കേണ്ട ദൂരം എന്നിവ സംബന്ധിച്ച് കരാർ ചമച്ചതിന്റെ വിവരവും പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 19/20-21/21.07.2022 )

## 1-20 പ്രവൃത്തി വൈകി പൂർത്തിയാക്കിയതിന് പിഴ ഈടാക്കിയില്ല

നി.ഉദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയർ

(A) GO(P) 13/2012/PWD/01-02-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2005,2112 എന്നിവ പ്രകാരം കരാറുകാരന്റേതല്ലാത്ത കാരണത്താൽ പ്രവൃത്തി നിശ്ചിത കാലാവധിക്കകം പൂർത്തീകരിക്കാൻകഴിയാതെ വരികയാണെങ്കിൽ ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന കരാർ കാലാവധി തീരുന്നതിന്ന് മുമ്പായി, അപേക്ഷിക്കേണ്ടതും നിർവ്വഹണോദ്യോഗസ്ഥൻ ഇക്കാര്യത്തിൽ തീരുമാനമെടുത്ത് പ്രവൃത്തിയുടെ ഒറിജിനൽ സമയത്തിന്റെ 25 % ഗ്രേസ് പിരീഡ് ആയി അനുവദിക്കാവുന്നതുമാണ്.

(B) കരാറുകാരന്റെ പിഴവ് മൂലം പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, കരാറുകാർ നിർവ്വഹണോദ്യോഗസ്ഥൻ മുഖേന അപേക്ഷ നൽകേണ്ടതും പ്രസ്തുത അപേക്ഷയിൽ ഭരണസമിതിയുടെ അനുമതി വാങ്ങി, PAC യുടെ 1 % പിഴ ഈടാക്കിക്കൊണ്ട് പൂർത്തീകരണ കാലാവധിയുടെ 25 % വരെ (പരമാവധി 6 മാസം, ഏതാണോ കുറവ് അത്) ഒറ്റത്തവണ ഭരണസമിതിയുടെ അംഗീകാരത്തോടെ ദീർഘിപ്പിച്ച് നൽകാവുന്നതാണ്. തുടർന്നും കാലാവധി ദീർഘിപ്പിക്കേണ്ടുന്ന ഘട്ടത്തിൽ, 2 % പിഴ ഈടാക്കണം. എന്നാൽ പരമാവധി ദീർഘിപ്പിക്കൽ ആകെ പൂർത്തീകരണസമയത്തിന്റെ 50 % ൽ അധികമാവാൻ പാടില്ല.

(C) തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15 ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാലുള്ള പിഴ ആദ്യത്തെ 3 മാസക്കാലയളവിന് 1 % നിരക്കിലും തുടർന്നുള്ള ഓരോ 3 മാസത്തിനും 2 % നിരക്കിലും ഈടാക്കണമെന്ന് നിർദ്ദേശിച്ചിട്ടുമുണ്ട്.

എന്നാൽ, താഴെ പറയുന്ന പ്രവൃത്തി പൂർത്തീകരണ കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. ദീർഘീകരണത്തിനുള്ള അപേക്ഷ കരാറുകാർ AE മുഖേന നൽകുകയോ കാലാവധി ദീർഘിപ്പിച്ച് നൽകുകയോ ചെയ്തിട്ടില്ല. കരാർ പ്രകാരം പൂർത്തീകരണ കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ പിഴ ഈടാക്കി മാത്രമേ പ്രവൃത്തി പൂർത്തിയാക്കാവൂ എന്ന് നിഷ്കർഷിക്കുകയും കരാറുകാർ ആയത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ താഴെ പറയും പ്രകാരം പിഴ ഈടാക്കേണ്ടതാണ്.

ആദ്യ മൂന്ന് മാസം, PAC യുടെ 1% : (Minimum Rs.1000, Rs.maximum 50000)

അടുത്ത ഓരോ മൂന്ന് മാസം: PAC യുടെ 2% : (Minimum Rs.2000, Rs.maximum 100000)

വിശദാംശം താഴെ കൊടുക്കുന്നു.

| ക്ര നം | പദ്ധതി വിശദാംശം | ഈടാക്കേണ്ട പിഴ |
|---|---|---|
| 1 | പ്രവൃത്തി: വീട്ടിച്ചാൽ മൈത്രിനഗർ റോഡ് ഡ്രൈനേജ്പുനരുദ്ധാരണം 143/21<br>അടങ്കൽ: 624483 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ മദാരി ഫിറോസ് | 1-7-19 To 30-9-19 @ 1 %: 6194.21<br>1-10-19 To 31-12-19 @ 2%: 12388.42<br>1-1-20 To 20-3-20 @ 2 %: (80 Days) |

| | | |
|---|---|---|
| | കരാർ: 175/18-19/1-12-18<br>PAC: 619421 രൂപ<br>അളവ് പുസ്തകം: 40/19-20<br>ചെലവ്: 607289രൂപ<br>ബിൽ നമ്പർ: 43/20-21/12-5-20<br>കരാർ കാലവധി: 6 മാസം<br>(1-12-18 ന് കരാർ വെച്ചെങ്കിലും 3-2-20 ന് മാത്രമാണ് പ്രവൃത്തി തുടങ്ങുന്നത്)<br>പൂർത്തീകരിക്കേണ്ട തീയതി: 30-6-19<br>പൂർത്തീകരിച്ച തീയതി: 20-3-20<br>(അളവ് പുസ്തകം പേജ് 22) | 12388.42 X 80/90 = 11011.92<br>TOTAL: 29594.55<br>le 29595 രൂപ |
| 2 | പ്രവൃത്തി: മുനിസിപ്പൽ ഓഫീസ് ബിൽഡിംഗ് പൂർത്തീകരണം, 135/21<br>അടങ്കൽ: 2422883 രൂപ (CFC ഗ്രാന്റ്)<br>കരാറുകാരൻ: ശ്രീ അനിൽ റോസ്<br>കരാർ: 108/18-19/5-10-18<br>PAC: 2341472.88 രൂപ<br>അളവ് പുസ്തകം: 108/18-19 (Vol 1 & 2)<br>ചെലവ്: 2280961രൂപ<br>ബിൽ നമ്പർ: 27/19-20/2-7-19: Rs 2127537<br>ബിൽ നമ്പർ: 45/20-21/12-5-20: Rs 153424<br>കരാർ കാലവധി: 6 മാസം<br>പൂർത്തീകരിക്കേണ്ട തീയതി: 4-4-19<br>പൂർത്തീകരിച്ച തീയതി: 16-8-19<br>(അളവ് പുസ്തകം പേജ് 98(v0l 1) | 5-4-19 To 4-7-19 @ 1 %: 23414.72<br>5-7-19 To 16-8-19 @ 2%: (43 Days)<br>46829.45 X 43/90 = 22374.07<br>TOTAL: 45788.79<br>le 45789 രൂപ |

മേൽ പ്രകാരമുള്ള പിഴ 75384 രൂപ (29595 + 45789) മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്ന് ഈടാക്കി അറിയിക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 15/21-7-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പിഴ 75,384 രൂപ മേൽ പ്രവൃത്തികളുടെ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം അവസാന ബിൽ അനുവദിച്ച മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-21 ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും 5% കുറവ് ചെയ്തില്ല

ജി.ഒ (പി)30/2016 ഫിൻ തീ. 29.02.2016 പ്രകാരം ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾക്ക് 7.5% ഓവർഹെഡ് ചാർജ് നൽകാമെന്നും, ആവശ്യമായ നികുതികൾ ഗുണഭോക്തൃ സമിതികളിൽ നിന്നും ഈടാക്കണമെന്നും ഉത്തരവായിട്ടുള്ളതാണ്. PRICE സോഫ്റ്റ് വെയറിൽ തയ്യാറാക്കുന്ന എസ്റ്റിമേറ്റുകളിൽ 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെട്ടിട്ടുണ്ട്. 01.07.2017 മുതൽ GST നിലവിൽ വന്നിട്ടുള്ളതിനാൽ 5% VAT ഈടാക്കേണ്ടതില്ലെന്നും 5% തുക കുറവ് ചെയ്തതിനു ശേഷം തുക അനുവദിച്ചാൽ മതിയെന്നും കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/ltസ്വഭവ തീ.16.03.2018 കത്തിലൂടെ വ്യക്തമാക്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ ഗുണഭോക്തൃസമിതി മുഖേന നിർവ്വഹണം നടത്തിയ താഴെപ്പറയുന്ന പ്രവൃത്തികളിൽ നിന്നും മേൽ സൂചിപ്പിച്ച പ്രകാരം 5% തുക ബില്ലിൽ നിന്നും കുറവ് ചെയ്യാതെ തുക അനുവദിച്ചതായി കാണുന്നു.

വിശദവിവരം താഴെ ചേർക്കുന്നു.

1) മുമ്മുള്ളി അർബൻ പ്രൈമറി ഹെൽത്ത് സെന്റർ റിപ്പയർ 82/21

അടങ്കൽ: 800000 രൂപ (MGNR)

കൺവീനർ: ശ്രീമതി ഹണിത പി

കരാർ: 77/19-20/12-12-19

അളവ് പുസ്തകം: 42/19-20, 92/19-20

ചെലവ്: 792040രൂപ

ബിൽ നമ്പർ 75/20-21/23-12-20

| നൽകിയ തുക | | നൽകാവുന്ന തുക | |
|---|---|---|---|
| മൂല്യനിർണ്ണയം | 707179 | മൂല്യനിർണ്ണയം | 707179 |
| (+) 12% GST | 84861 | (-) 5 % | 32892 (707179 X 5/107.5) |
| ആകെ | 792040 | ബാക്കി | 674287 |
| (-) IT 2 % | 14144 | (+) 12% GST | 80914 |
| (-) WF 1 % | 7072 | ആകെ | 755201 |
| (-) GST 2% | 14144 | (-) IT 2 % | 13486 |
| കൺവീനർക്ക് | 756680 | (-) WF 1 % | 6743 |
| | | (-) GST 2% | 13486 |
| | | കൺവീനർക്ക് | 721486 |

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 792040

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 755201

അധികം പിൻവലിച്ച തുക : 36839 രൂപ

| അധികം പിൻവലിച്ച തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 756680 | 721486 | 35194 |
| I T | 14144 | 13486 | 658 |
| KBOCWWF | 7072 | 6743 | 329 |
| GST | 14144 | 13486 | 658 |
| ആകെ | | | 36839 |

2) GLPS ചന്തക്കുന്ന് പുരോഗമനം 294/21

അടങ്കൽ: 365000 രൂപ (MGNR)

കൺവീനർ: ശ്രീ ജോർജ് പി വർഗീസ്

കരാർ: 34/20-21/4-11-20

അളവ് പുസ്തകം: 20/20-21

ചെലവ്: 363838രൂപ

ബിൽ നമ്പർ 89/20-21/19-2-21

| നൽകിയ തുക | | നൽകാവുന്ന തുക | |
|---|---|---|---|
| മൂല്യനിർണ്ണയം | 324855 | മൂല്യനിർണ്ണയം | 324855 |
| (+) 12% GST | 38983 | (-) 5 % | 15110 (324855 X 5/107.5) |
| ആകെ | 363838 | ബാക്കി | 309745 |

| | | | |
|---|---|---|---|
| (-) IT % | 3249(2 % നിരക്കിൽ ഈടാക്കിയില്ല) | (+) 12% GST | 37169 |
| (-) WF 1 % | 3249 | ആകെ | 346914 |
| (-) GST 2% | 6498 | (-) IT 2 % | 6195 |
| കൺവീനർക്ക് | 350842 | (-) WF 1 % | 3097 |
| | | (-) GST 2% | 6196 |
| | | കൺവീനർക്ക് | 331426 |

ട്രഷറിയിൽ നിന്ന് പിൻവലിച്ച തുക: 363838

ട്രഷറിയിൽ നിന്ന് പിൻവലിക്കേണ്ട തുക: 346914

അധികം പിൻവലിച്ച തുക : 16924 രൂപ

| അധികം പിൻവലിച്ച തുകയുടെ വിശദാംശം | | | |
|---|---|---|---|
| ഇനം | നൽകിയ തുക | നൽകേണ്ട തുക | അധികം |
| കൺവീനർ | 350842 | 331426 | 19416 |
| I T | 3249 | 6195 | (-)2946 |
| KBOCWWF | 3249 | 3097 | 152 |
| GST | 6498 | 6196 | 302 |
| | | ആകെ | 16924 |

കൺവീനർമാർക്ക് അധികം നൽകിയ 53763 രൂപ (36839 + 16924) അതാത് കൺവീനർമാരിൽ നിന്നീടാക്കേണ്ടതും മറ്റ് വകുപ്പുകൾക്ക് അധികം നൽകിയ/കുറവായിനൽകിയ തുക അതാത് ഫണ്ടിൽ നിന്നീടാക്കുകയോ അല്ലാത്തപക്ഷം ക്രമീകരിക്കുകയോ ചെയ്യേണ്ടതുമാണെന്നാവശ്യപ്പെട്ട് നൽകിയ 16/21-7-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക്, മേൽ സൂചിപ്പിച്ച കേരള തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർ കേരള തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് അയച്ച നം.ഡിബി3-9058/17/സിഇ/തസ്വഭവ തീ.16.03.2018 കത്ത് ഒരു നിർദ്ദേശം മാത്രമാണെന്നും ഉത്തരവ് ആയി വന്നിട്ടില്ലെന്നും Price Software ൽ ഈ അപാകത നാളിത് വരെ പരിഹരിച്ചിട്ടില്ലെന്നും ആയതിനാൽ ഈ പരാമർശം ഒഴിവാക്കണമെന്നും അപേക്ഷിച്ചിട്ടുണ്ട്. മേൽ സൂചിത കത്തിന് ശേഷം ഇത് സംബന്ധിച്ച മറ്റ് നിർദ്ദേശങ്ങളോ ഉത്തരവുകളോ ഇല്ലാത്തതിനാൽ മേൽ ഉത്തരവ് നടപ്പാക്കാൻനിർവ്വഹണോദ്യോഗസ്ഥർ ബാധ്യസ്ഥരായതിനാൽ മേൽ മറുപടി അംഗീകരിക്കാൻ നിർവ്വാഹമില്ല. ആയതിനാൽ കൺവീനർമാർക്ക് അധികം നൽകിയ 53,763 രൂപ (36839 + 16924) അതാത് കൺവീനർമാരിൽ നിന്നോ അല്ലാത്തപക്ഷം അവസാന ബിൽ നൽകിയ മുനിസിപ്പൽ എഞ്ചിനീയറിൽ നിന്നോ ഈടാക്കി അറിയിക്കേണ്ടതാണ്.

കൂടാതെ കൺവീനർമാർക്ക് 12% നിരക്കിൽ നൽകിയ GST അടവാക്കിയതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

## 1-22 ഷീറ്റ് മേയൽ: എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകിയത് ക്രമവിരുദ്ധം

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയ ർ

നഗരസഭാ ഓഫീസ് പൂർത്തീകരണം104/21

അടങ്കൽ: 2500000രൂപ (തനത് ഫണ്ട്)

കരാറുകാരൻ : സജാത് കെ എസ്

കരാർ: 24/20-21/7-9-20(17.56% Below ER)

അളവ് പുസ്തകം: 13/20-21

ചെലവ്: 2052502 രൂപ

ചെക്ക് നമ്പർ: 164640/23-1-21

ഇനം (E3) പ്രകാരം 0.45mm G I Aluminium Powder Coated Tile Profile Sheet(TATA) മേയുന്നതിനുള്ളതാണ്. എന്നാൽ, 19-7-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടേയും ഓവർസീയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 0.35mm കനത്തിലുള്ള Sheet ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2211.2 പ്രകാരം അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ എന്നും ഗുണനിലവാരം കുറഞ്ഞവ രേഖപ്പെടുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും, എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത, ഗുണനിലവാരം കുറഞ്ഞ പ്രവൃത്തിക്ക് മേൽ പ്രകാരം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/21-7-22 നംപർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത ഗുണനിലവാരം കുറഞ്ഞ ഷീറ്റ് പൊളിച്ചുമാറ്റി, എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് കരാറുകാരന്റെ സ്വന്തം ചെലവിൽ മേയാൻ നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഈയിനത്തിൽ താഴെ പറയും പ്രകാരം അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

അധികം നൽകിയ തുകയുടെ വിശദാംശം

| ചെയ്യേണ്ട പ്രവൃത്തി/നൽകിയ തുക | ചെയ്ത പ്രവൃത്തി/നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 0.45 Mm കനമുള്ള ഷീറ്റ് മേയൽ.<br>94.105 M2 X 661.81/m2 =<br>62279.63 രൂപ<br>(17.56% Below ER Of 803.66/m2)<br>Od 945844/20-21 | 0.35 Mm കനമുള്ള ഷീറ്റ് മേയൽ.<br>94.105 M2 X 468.97/m2<br>= 44132.42 രൂപ<br>(17.56% Below ER Of 568.86/m2)<br>Od 33616/20-21 | 18147.20<br>(+) 12% GST= 2359.13<br>TOTAL: 20506 രൂപ<br>(Rounded) |

## 1-23 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 9990 രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ G I Hollow Tube ഉപയോഗിച്ച് നടത്തിയ പ്രവൃത്തി Single Section പ്രവൃത്തികളായിട്ടാണ് നടത്തിയിട്ടുള്ളതെന്ന് 19-7-2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ ആയവക്ക് Truss Work ന്റെ നിരക്കാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രം നം | പദ്ധതി വിശദാംശം | അപാകത | | അധികം നൽകിയ തുക |
|---|---|---|---|---|
| | | ചെയ്തത് | ചെയ്യേണ്ടത്(50-10-2 പ്രകാരം) | |
| 1 | വിവിധ അംഗനവാടികളുടെ റിപ്പയർ 189/21<br>കരാറുകാരൻ: ദിനീഷ്<br>ചെലവ്: 807167 രൂപ<br>ബിൽ നമ്പർ: 80/20-21/28-12-20<br>(പാടിക്കുന്ന് അംഗനവാടി) | Single Section പ്രവൃത്തിക്ക് Truss Work ന്റെ നിരക്ക് നൽകി (DSR 10-16-1 പ്രകാരം)<br>Wall Plate: 154.220 Kg<br>Rafters: 288.812 Kg<br>Collars: 43.713 Kg<br>Total: 486.745 Kg<br>നൽകിയ തുക:<br>486.745 Kg X118.00/kg<br>= 57435.91രൂപ<br>(0.24% Below ER Of 118.28/kg) | Single Section പ്രവൃത്തി<br>486.745 Kg X 106.62/kg<br>=51896.75<br>(0.24% Below ER Of 106.88/kg) | 5539.16<br>(+) 12% GST= 664.69<br>TOTAL: 6204 രൂപ<br>(Rounded) |
| 2 | ----------Do--------<br>(ചേലശ്ശേരി അംഗനവാടി) | Single Section പ്രവൃത്തിക്ക് Truss Work ന്റെ നിരക്ക് നൽകി((DSR 10-25-2 പ്രകാരം) | Single Section പ്രവൃത്തി<br>588.926 Kg X | 3380.43<br>(+) 12% GST= |

| | | | | |
|---|---|---|---|---|
| | | (പാരപ്പറ്റിന് മകളിൽ വശങ്ങൾ ഷീറ്റ് ഉപയോഗിച്ച് മറയ്ക്കുന്നതിനുള്ള പ്രവത്തി)<br>നൽകിയ തുക:<br>588.926 Kg X 112/kg<br>=65959.71 രൂപ<br>(0.58% Below ER Of 112.65/kg) | 106.26/kg<br>= 62579.28 രൂപ<br>(0.58% Below ER Of 106.88/kg) | 405.65<br>TOTAL:<br>3786 രൂപ<br>(Rounded) |
| ആകെ | | | | 9990 രൂപ |

അധികനിരക്ക് നൽകിയത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/21-7-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 9,990/-രൂപ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 1-24 വാടക ഇനത്തിൽ 16,46,295/- രൂപ കുടിശ്ശികയായി അവശേഷിക്കുന്നു

നിലമ്പൂർ നഗരസഭയുടെ 2020-21 വർഷത്തിലെ വാടക ഡിമാന്റ് ,കളക്ഷൻ ,ബാലൻസ് എന്നിവ പരിശോധിച്ചതിൽ നിന്ന് വാടകകാരിൽ നിന്നും കുടിശ്ശിക പിരിച്ചെടുക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| കുടിശ്ശിക | | | |
| എ.എഫ്.എസ് പ്രകാരം | 13,32,488 | 1,68,664 | 11,63,824 |
| വാടക രജിസ്റ്റർ പ്രകാരം | 1,87,016 | 1,68,664 | 18,352 |
| തൻവർഷം | | | |
| എ.എഫ്.എസ് പ്രകാരം | 1458996 | 976525 | 482471 |
| വാടക രജിസ്റ്റർ പ്രകാരം | 1228792 | 976105 | 252687 |

വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള വാടക ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

2020-21 വർഷത്തിൽ വാർഷിക ധനകാര്യ പത്രിക പ്രകാരം 16,46,295/- (11,63,824 +482471 ) രൂപയും വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരം 2,71,039 രൂപയും വാടക ഇനത്തിൽ കുടിശ്ശികയായി അവശേഷിക്കുന്നു. വാർഷിക ധനകാര്യ പത്രികയും ഡിമാന്റ് രജിസ്റ്ററും തമ്മിൽ 13,75,256 രൂപയുടെ വ്യത്യാസം കാണുന്നു. ആയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. യഥാർത്ഥ കുടിശ്ശികയുടെ വിശദവിവരവും കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 3/20-21/13-07-2022 മറുപടി ലഭിച്ചില്ല)

## 1-25 നഗരസഭയിലെ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല

2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ ചട്ടം 3 (2) ൽ ക്രമ നമ്പർ 10 പ്രകാരം കരാറുകാരിൽ നിന്നും ഓരോ അർദ്ധവർഷവും 1250/- രൂപ വീതം ഈടാക്കേണ്ടതാണ്. എന്നാൽ 2020-21വർഷം നഗരസഭയിലെ പൊതുമരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയതും നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. നഗരസഭയിൽ 2020-21വർഷം 36 കരാറുകാർ രജിസ്റ്റർ ചെയ്യുകയും 24 കരാറുകാർ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുകയും ചെയ്തിട്ടുണ്ട് (എഞ്ചിനീയറിംഗ് വിഭാഗം നൽകിയ ലിസ്റ്റ്) . പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയ 24 കരാറുകാരിൽ 12കരാറുകാർ മാത്രമാണ് 2020-21 ലെ രണ്ട് അർദ്ധവർഷങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുള്ളത്. പ്രവൃത്തി ഏറ്റെടുത്ത് നടത്തിയവരിൽ തൊഴിൽ നികുതി

അടവാക്കാത്തവരുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര് | ഈടാക്കേണ്ട നികുതി (2020-21വർഷം രണ്ട് അർദ്ധവർഷങ്ങൾക്കായി ) |
|---|---|---|
| 1 | ശ്രീ.അബ്ദുൾ ഹമീദ് | 2500 |
| 2 | ശ്രീ.അബ്ദുൾ ലത്തീഫ് | 2500 |
| 3 | ശ്രീ. ഫൈസൽ.പി | 2500 |
| 4 | ശ്രീ. സക്കീർ.കെ.എസ് | 2500 |
| 5 | ശ്രീ. ഷൗക്കത്തലി.സി | 2500 |
| 6 | ശ്രീ.പി.കെ.മുഹമ്മദാലി | 2500 |
| 7 | ശ്രീ.സജാദ് കെ .എസ് | 2500 |
| 8 | ശ്രീ. പി.എം.ഖാലിദ് | 2500 |
| 9 | ശ്രീ. ഹുസൈൻ.പി.കെ | 2500 |
| 10 | ശ്രീ. ദിനേഷ്.എം | 2500 |
| 11 | ശ്രീ. ലത്തീഫ്.എം | 2500 |
| 12 | നിലമ്പൂർ താലൂക്ക് ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി | 2500 |
| ആകെ | | 30000 |

2020-21 വർഷത്തിൽ നഗരസഭയിലെ വിവിധ പ്രവൃത്തികൾ നടത്തിയ കരാറുകാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതും നികുതി ഈടാക്കി അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി 4/20-21/13-07-2022 മറുപടി ലഭിച്ചില്ല)

## 1-26 തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

2020-21 വർഷത്തിലെ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ , സ്ഥാപനങ്ങൾ സമർപ്പിച്ച അർദ്ധവാർഷിക വരുമാന പത്രികകൾ എന്നിവ പരിശോധിച്ചതിൽ തൊഴിൽ നികുതി ഈടാക്കിയതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | ഗുഡ്ഹോപ്പ് ഇംഗ്ലീഷ് മീഡിയം സ്കൂൾ | ഒന്ന്, രണ്ട് |
| 2 | അനുഗ്രഹ ക്ലിനിക് ചന്തക്കുന്ന് | രണ്ട് |
| 3 | ധനകോടി ചിറ്റ്സ് നിലമ്പൂർ | ഒന്ന്, രണ്ട് |
| 4 | കേരള ട്രാൻസ്പോർട്ട് കമ്പനി | ഒന്ന്, രണ്ട് |
| 5 | നിലമ്പൂർ കാളികാവ് കള്ള് ചെത്ത് സഹകരണ സംഘം | ഒന്ന്, രണ്ട് |
| 6 | യൂണിയൻ ബാങ്ക് നിലമ്പൂർ | രണ്ട് |
| 7 | സൗത്ത് ഇന്ത്യൻ ബാങ്ക്നിലമ്പൂർ | രണ്ട് |
| 8 | ഡോക്ടേഴ്സ് സ്കാൻ സെന്റർ നിലമ്പൂർ | ഒന്ന്, രണ്ട് |
| 9 | റിലയൻസ് പെട്രോളിയം നിലമ്പൂർ | രണ്ട് |
| 10 | മലയാള മനോരമ ഓൺലൈൻ സർവ്വീസ് | ഒന്ന്, രണ്ട് |

2) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

| ക്രമ നം | ജീവനക്കാരൻ / സ്ഥാപനം | അർദ്ധവർഷം | റിട്ടേൺ പ്രകാരം അർദ്ധ വാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽ നികുതി | ഈടാക്കിയ തൊഴിൽ നികുതി | കുറവ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ഗിരീശൻ.ടി, വനിതാ സഹകരണ സംഘം സെയിൽസ്മാൻ | രണ്ട് | 124188 | 1000 | 750 | 250 |
| 2 | മോഹൻദാസ്.പി, NSN, നിലമ്പൂർ സഹകരണ അർബൻ ബാങ്ക് നിലമ്പൂർ | രണ്ട് | 90000 | 750 | 120 | 630 |
| 3 | സുരേഷ്.ഇ.കെ, NSN, നിലമ്പൂർ സഹകരണ അർബൻ ബാങ്ക് നിലമ്പൂർ | രണ്ട് | 90000 | 750 | 120 | 630 |
| 4 | മോഹൻബാബു, എം.കെ, NSN, നിലമ്പൂർ സഹകരണ അർബൻ ബാങ്ക് നിലമ്പൂർ | രണ്ട് | 90000 | 750 | 120 | 630 |

ഈടാക്കാൻ കുറവുവന്ന തുക ഈടാക്കി അറിയിക്കേണ്ടതാണ്.

3) കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ലിമിറ്റഡ് , ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ 27.09.2012 ലെ A6- 5330/2011 ലെ നമ്പർ സർക്കുലർ (Circular 16/2012- Modification) പ്രകാരം മാവേലി സ്റ്റോറുകൾ/സൂപ്പർമാർക്കറ്റുകൾ എന്നീ സ്ഥാപനങ്ങളിൽ സ്ഥാപനത്തിന്റെ ടേൺ ഓവറിന്റെ അടിസ്ഥാനത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കാവുന്നതാണ്. മേൽ സർക്കുലർ അടിസ്ഥാനമാക്കി മാവേലി സ്റ്റോർ ചക്കാലകുത്ത്, മാവേലി സ്റ്റോർ നിലമ്പൂർ എന്നീ സ്ഥാപനങ്ങളിൽ 2020-21 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തിട്ടുള്ള ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം സംബന്ധിച്ച വിവരം ലഭ്യമാക്കാൻ ആവശ്യപ്പെടേണ്ടതും ആയത് പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കാനുള്ള തുടർ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

4) നിലമ്പൂർ നഗരസഭാ കാര്യാലയത്തിൽ വിവിധ സെക്ഷനുകളിലായി 2020-21 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ വിവരം, ഓരോ അർദ്ധ വർഷത്തിലും അനുവദിച്ച തുക, തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയില്ല.
നിലമ്പൂർ നഗരസഭാ കാര്യാലയത്തിൽ വിവിധ സെക്ഷനുകളിലായി 2020-21 വർഷത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനം പരിശോധിച്ച് തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും അടവാക്കാത്തവരുടെ തൊഴിൽ നികുതി ഈടാക്കി ആയതിന്റെ വിവരവും ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 10/20-21/16-07-2022 മറുപടി ലഭിച്ചില്ല)

## 1-27 വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ എന്ന പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിലമ്പൂർ നഗരസഭയിലെ ഉറവിട മാലിന്യം ഗാർഹിക തലത്തിൽ സംസ്കരിക്കുന്നതിന്റെ ഭാഗമായി 2019-20 വർഷത്തിൽ വികേന്ദ്രീകൃത മാലിന്യ സംസ്കരണം ഗാർഹിക തലത്തിൽ (56/20) എന്ന പദ്ധതി പ്രകാരം ഒരു യൂണിറ്റിന് 2200 രൂപ നിരക്കിൽ 840 പേർക്ക് 90 % സബ്സിഡിയും 10 % ഗുണഭോക്തൃ വിഹിതവുമായി ബയോബിൻ നൽകുന്നതിനാണ് പദ്ധതി ലക്ഷ്യം വെച്ചത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | 56/20 |
|---|---|
| നിർവ്വഹണം | ഹെൽത്ത് ഓഫീസർ |
| അടങ്കൽ | 739200 (CFC) + 554770 (കേന്ദ്രാവിഷ്കൃത ഫണ്ട്) +369230 (സംസ്ഥാനാവിഷ്കൃത ഫണ്ട്) +184800 (ഗുണഭോക്തൃ വിഹിതം) = 1848000 |
| ചെലവ് | 66000/- (സംസ്ഥാനാവിഷ്കൃത |

| | |
|---|---|
| | ഫണ്ട്)<br>Vr.No.21901769/31.03.2020 |

മേൽ പദ്ധതിക്കായി അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ 150 പേരാണ് ഉൾപ്പെട്ടിരുന്നത്. പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകൾ / രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് 72 ഗുണഭോക്താക്കൾ 220/- രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയതായി ബോധ്യപ്പെട്ടു. പദ്ധതിക്കായി IRTC Project Implementation Unit മായി ഒപ്പുവെച്ച കരാറിൽ ക്രമ നം 4 ൽ മൊത്തം തുകയുടെ 20% തുക അഡ്വാൻസ് ആയി നൽകേണ്ടതാണെന്ന് ചേർത്തിട്ടുണ്ട്. അഡ്വാൻസ് ആയി 66000/- രൂപ IRTC Project Implementation Unit ന് നല്കിയിട്ടുണ്ട്. 2019-20 വർഷത്തിൽ പദ്ധതിയുടെ ഭാഗമായി അഡ്വാൻസ് നൽകുക മാത്രമാണ് ചെയ്തിട്ടുള്ളത്. തുടർന്ന് സ്പിൽ ഓവർ പദ്ധതിയായി 2020-21 ൽ പദ്ധതി നടപ്പിലാക്കി. വിശദ വിവരം ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് | 262/21 |
|---|---|
| അടങ്കൽ | 90662 (CFC) + 100100 (കേന്ദ്രാവിഷ്കൃത ഫണ്ട്) +66638 (സംസ്ഥാനാവിഷ്കൃത ഫണ്ട്) +28600 (ഗുണഭോക്തൃ വിഹിതം) = 286000 |
| ചെലവ് | 85800/- (CFC) ബി.നം1/20-21 /31.03.2021 |

എച്ച് 1/10549/2020 തി. 06.10.2020 നമ്പർ സപ്ലൈ ഓർഡർ പ്രകാരം 69 യൂണിറ്റ് ബയോ ബിന്നിനായി ഓർഡർ നൽകിയതിന്റെ അടിസ്ഥാനത്തിൽ B2B202/02.02.2021 ഇൻവോയ്സ് പ്രകാരം 69 ബയോ ബിന്നുകൾ ലഭ്യമായിട്ടുണ്ട്.

പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) 72 ഗുണഭോക്താക്കൾ 220/- രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം അടവാക്കിയിട്ടുണ്ടെങ്കിലും 69 യൂണിറ്റ് ബയോ ബിന്നിനായാണ് സപ്ലൈ ഓർഡർ നൽകിയത്.

2) ഒരു ഗുണഭോക്താവിൽ നിന്നും 220/- രൂപ (10%) നിരക്കിൽ 72 ഗുണഭോക്താക്കളിൽ നിന്നും 15840/- രൂപ ഗുണഭോക്തൃ വിഹിതം ഈടാക്കി നഗരസഭയുടെ തനത് ഫണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ബയോ ബിന്നിനായി തുക ചെലവഴിച്ചിട്ടില്ല. 69 യൂണിറ്റ് ബയോ ബിന്നുകളുടെ വിലയായ151800/- ൽ 15180/- രൂപ പിരിച്ചെടുത്ത ഗുണഭോക്തൃ വിഹിതത്തിൽ നിന്നാണ് നൽകേണ്ടിയിരുന്നത്. അധികം നൽകിയ 15180/- രൂപ ബന്ധപ്പെട്ട ഹെഡിൽ അടവാക്കി അറിയിക്കേണ്ടതാണ്.

3) B2B202/02.02.2021 ഇൻവോയ്സ് പ്രകാരം 69യൂണിറ്റ് ബയോ ബിന്നുകൾ ലഭ്യമായതിൽ 56 യൂണിറ്റ് മാത്രമെ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 13 യൂണിറ്റ് നാളിതുവരെയും വിതരണം ചെയ്യാതെ നഗരസഭാ കാര്യാലയത്തിൽ സൂക്ഷിക്കുന്നതായി 13.07.2022 ന് നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. 2019-20, 2020-21 വർഷങ്ങളിലായി നടപ്പിലാക്കിയ പദ്ധതി നാളിതുവരെയും പൂർത്തിയാക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്.

4) ഗുണഭോക്തൃ വിഹിതം അടവാക്കിയ 3 പേരെ പദ്ധതിയിൽ പരിഗണിക്കാത്തതിന് കാരണം വ്യക്തമാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി 14/20-21/19-07-2022 മറുപടി ലഭിച്ചില്ല)

## 1-28 വസ്തു നികുതി - സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് നിശ്ചയിച്ചില്ല

സ.ഉ (അ) നം 52/2020/ത.സ്വ.ഭ.വ തി.08.09.2020 പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് , റസിഡൻഷ്യൽ ഹോം സ്റ്റേ കെട്ടിടങ്ങളുടെ നികുതി നിരക്ക് പരിഷ്കരിച്ചിട്ടുണ്ട്. ഇപ്രകാരമുള്ള നികുതി നിരക്ക് നിലമ്പൂർ നഗരസഭയിൽ പരിഷ്കരിച്ചിട്ടില്ല/പരിഷ്കരിച്ചതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. നഗരസഭ സഞ്ചയയിൽ നിന്ന് ലഭ്യമാക്കിയ കെട്ടിട ഗണങ്ങളുടെ വസ്തുനികുതി നിരക്ക് പട്ടികയിൽ മേൽ ഉത്തരവ് പ്രകാരമുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കുകൾ സെറ്റ് ചെയ്യുകയോ പ്രസ്തുത കെട്ടിടങ്ങളുടെ വസ്തു നികുതി ഉൾപ്പെടുത്തി നിലമ്പൂർ നഗരസഭ വിജ്ഞാപനം ചെയ്യുകയോ ചെയ്തിട്ടില്ല. സർക്കാർ ഉത്തരവ് പാലിക്കാത്തതിനും സർക്കാർ ഉത്തരവ് പ്രകാരം നികുതി നിരക്ക് പരിഷ്കരിച്ച് വിജ്ഞാപനം ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി 20/20-21/21-07-2022 മറുപടി ലഭിച്ചില്ല)

## 1-29 അനധികൃത നിർമ്മാണം - വസ്തു നികുതി ഇനത്തിൽ 19,04,213/-രൂപ രൂപയുടെ നഷ്ടം

ശ്രീ. ഹംസ & നസറുദ്ധീൻ, കണ്ടപ്പൻ വീട്, നിലമ്പൂർ എന്നവരുടെ ഉടമസ്ഥതയിലുള്ളതും, നിലമ്പൂർ വില്ലേജിലെ റീ സർവ്വേ നമ്പർ 41/10, 41/09 [Possession Certificate No. 13797478/24.08.2015] ഉൾപ്പെട്ടതുമായ 1200 ച.മീറ്റർ വിസ്തീർണ്ണമുള്ള ഭൂമിയിൽ നിലവിലുള്ള കെട്ടിടത്തിന് 2002.16 ച.മീ [G.F 541.79 + FF 711.94 + SF 748.43] മുകളിൽ

നഗരസഭയിൽ നിന്നും മുൻകൂർ അനുമതി [Building Permit] ലഭ്യമാക്കാതെ നിർമ്മിച്ച 786.24 ച.മി [TF 748.43 + Tr F 37.81] നിർമ്മാണം റെഗുലറൈസ് ചെയ്ത് നമ്പർ ലഭിക്കുന്നതിന് 03.10.2015-ൽ [ഫയൽ നമ്പർ- E2/16914/2015] അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ജില്ലാ ടൗൺ പ്ലാനർക്ക് അയക്കുകയും, ആയതിന്മേൽ ജില്ലാ ടൗൺ പ്ലാനർ മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെ ലംഘനങ്ങൾ രേഖപ്പെടുത്തി തിരിച്ചയച്ചിട്ടുമുണ്ട്. തുടർന്ന് കെട്ടിടം ക്രമവത്ക്കരിക്കുന്നതിന് 23.04.2018-ൽ കെട്ടിട ഉടമ ഗവൺമെന്റിൽ അപേക്ഷ നൽകുകയും, നിർമ്മാണം ക്രമവൽക്കരിക്കുന്നതിന് വേണ്ടി സെക്രട്ടറിക്ക് അപേക്ഷ നൽകുന്നതിന് ഗവൺമെന്റ് 10.05.2018- ലെ RB3/112/2018, തദ്ദേശസ്വയംഭരണ (ആർ.ബി) വകുപ്പ് കത്ത് പ്രകാരം കക്ഷിക്ക് നിർദ്ദേശം നൽകുകയും ചെയ്തു.

Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 പ്രകാരം ക്രമ വൽക്കരിക്കുന്നതിന് കക്ഷി 07.06.2018-ലെ 118200103032 രസീതി പ്രകാരം 10000/- രൂപ അപേക്ഷ ഫീസ് അടവാക്കിയിട്ടുണ്ട് . Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 - ചട്ടം 4 പ്രകാരം 65,768/- രൂപ [10000+(2788.4*20)] അപേക്ഷ ഫീസ് ഇനത്തിൽ അടവാക്കേണ്ടതായിരുന്നു. 2018-ലെ മേൽ ചട്ട പ്രകാരം ലഭിക്കുന്ന അപേക്ഷകൾ 60 ദിവസത്തിനുള്ളിൽ അനുബന്ധ രേഖകൾ സഹിതം ടൗൺ പ്ലാനർക്ക് അയച്ച് കൊടുക്കേണ്ടതായിരുന്നു. തുടർന്ന് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല.

നഗരസഭയിലെ സാങ്കേതിക വിഭാഗം 26.11.2018-ൽ സ്ഥല പരിശോധന നടത്തി, നിർമ്മാണത്തിൽ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ 1999 -ലെ വ്യവസ്ഥകളുടെ ലംഘനമുള്ളതിനാൽ ആയത് ക്രമ വൽക്കരിക്കുന്നതിന് Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 പ്രകാരം നടപടി സ്വീകരിക്കാവുന്നതാണ് എന്ന് റിപ്പോർട്ട് ചെയ്തിരുന്നു. കേരള മുനിസിപ്പാലിറ്റി ആക്ട് 1994- സെക്ഷൻ 242, മുനിസിപ്പാലിറ്റി (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ -ചട്ടം 20,24 എന്നിവ പ്രകാരം കെട്ടിട നിർമ്മാണം പൂർത്തീകരിക്കുകയോ, ഉപയോഗിക്കുകയോ, ഇതിലേതാണ് ആദ്യം സംഭവിക്കുന്നത് ആ അർദ്ധ വർഷം മുതൽ വസ്തു നികുതി ഈടാക്കേണ്ടതാണ്. കക്ഷികൾ പ്രസ്തുത കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിക്കുന്നതിന് 03.10.2015-ൽ അപേക്ഷ നൽകിയിട്ടുണ്ട്. ആയതിനാൽ മേൽ സെക്ഷൻ/ ചട്ടങ്ങൾ പ്രകാരം 2015-16 മുതൽ അനധികൃത കെട്ടിടമായി കണക്കാക്കി 3 ഇരട്ടി വസ്തു നികുതി ഈടാക്കേണ്ടതാണ്. ആയത് ഈടാക്കാത്തത് മൂലം വസ്തു നികുതി ഇനത്തിൽ നഗരസഭക്ക് നഷ്ടമുണ്ടായതായി നഗരസഭയുടെ 2018-19 വർഷ ഓഡിറ്റ് റിപ്പോർട്ടിൽ ഖ.1-13 ആയി സൂചിപ്പിച്ചിരുന്നു.

10.01.2019-ൽ ലഭ്യമാക്കിയ സ്കെച്ച് / പ്ലാൻ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണം 2788.4 ച.മീറ്റർ ആണ്. ആയതിൽ 2002.16 ച.മീറ്റർ ( GF-541.79, FF- 711.94, SF- 748.43) നഗരസഭയിൽ വസ്തു നികുതി അടവാക്കുന്ന നിയമാനുസൃത കെട്ടിടമെന്നും, 786.24 ച.മീറ്റർ അനധികൃത നിർമ്മാണമെന്നുമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. എന്നാൽ നഗരസഭയിലെ രേഖകൾ [സഞ്ചയ അസസ്മെന്റ് രജിസ്റ്റർ/ നികുതി രസീതികൾ], നഗരസഭ ഓവർസിയറുടെ റിപ്പോർട്ട് എന്നിവ പ്രകാരം കെട്ടിട നമ്പർ I/948 മുതലുള്ള നമ്പറുകളിലായി ആകെ 763 ച.മീറ്റർ വിസ്തീർണ്ണത്തിന് മാത്രമാണ് നികുതി അടവാക്കുന്നത്.

മേൽ കെട്ടിടത്തിൽ അനധികൃതമായി നിർമ്മിച്ച ഭാഗത്തിന്റെ വിസ്തീർണ്ണം തിട്ടപ്പെടുത്തി നൽകുന്നതിന് ഫയൽ 19.03.2020 ന് അസിസ്റ്റന്റ് എഞ്ചിനീയർക്ക് നൽകിയെങ്കിലും നടപടി സ്വീകരിക്കാത്തതിനെ തുടർന്ന് ആർ 1- 4099/19 തി. 16.04.2021 ന് ഓർമ്മക്കുറിപ്പ് നൽകിയതിനെ തുടർന്ന് സ്ഥലപരിശോധന നടത്തി ഓവർസിയർ 27.04.2021 നാണ് റിപ്പോർട്ട് നൽകിയിട്ടുള്ളത്. പരിശോധനയിൽ കെട്ടിടത്തിൽ (TF- 748.43 + Terrace Floor 37.81) Shopping Mall നുള്ള സൗകര്യം ഇല്ലാത്ത സാധാരണ Commercial Complex ആണെന്നും ആയതിനാൽ 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടത്തിനുള്ള 80/ ച.മീ നിരക്കിൽ താഴെപ്പറയും പ്രകാരം നികുതി നിശ്ചയിച്ച് നികുതി 2015-16 രണ്ടാം അർദ്ധ വർഷം മുതൽ ഈടാക്കാവുന്നതാണെന്നും Revenue Inspector 09.06.2021 ന് റിപ്പോർട്ട് ചെയ്തതായും ആയത് 10.06.2021 ന് സെക്രട്ടറി അംഗീകരിച്ചതായും കാണുന്നു.

| | |
|---|---|
| വിസ്തീർണ്ണം | 786.24 ച.മീ |
| ഉപയോഗം | 100 ച.മീറ്ററിനു മുകളിൽ വിസ്തീർണ്ണമുള്ള വാണിജ്യ കെട്ടിടം 80/ ച.മീ |
| അടിസ്ഥാന വസ്തുനികുതി | 786.24 X 80 = 62899.20 |
| വർദ്ധനവ് 35% ( വഴി സൗകര്യം20% + തറനിർമ്മിതി 15%) | 22014.72 |
| ആകെ | 84914 |
| അനധികൃത നിർമ്മാണം | 84914 X 3 = 254742 |

| | |
|---|---|
| (3 Times) | |
| LC | 12738 |
| സേവന നികുതി 10% | 25475 |
| വസ്തുനികുതി | 292955 |

2015-16 രണ്ടാം അർദ്ധ വർഷം മുതൽ ഓരോ അർദ്ധ വർഷത്തിനും 1,46,478 - രൂപ നിരക്കിൽ 2020-21 രണ്ടാം അർദ്ധ വർഷം വരെയുള്ള നികുതി 16,11,258 രൂപ നഗരസഭയിൽ അടവാക്കാനും മേൽ നിർമ്മാണം ക്രവത്കരിക്കുന്നത് / പൊളിച്ചുകളയുന്നത് വരെ പ്രതിവർഷം 2,92,955 രൂപ നഗരസഭയിൽ അടവാക്കാനും ആവശ്യപ്പെട്ട് ആർ 1(ഇ2)-16914/15 തി. 23.06.2021 അറിയിപ്പ് (Despatched On 28.06.21 ) കക്ഷിക്ക് നൽകിയിട്ടുണ്ട്. കൂടാതെ 2015-16 രണ്ടാം അർദ്ധ വർഷം മുതൽ ഓരോ അർദ്ധ വർഷത്തിനും 1,46,478 - രൂപ നിരക്കിൽ 2021-22 രണ്ടാം അർദ്ധ വർഷം വരെയുള്ള നികുതി 19,04,213 രൂപ നഗരസഭയിൽ അടവാക്കാനും മേൽ നിർമ്മാണം ക്രവത്കരിക്കുന്നത് / പൊളിച്ചുകളയുന്നത് വരെ പ്രതിവർഷം 2,92,955 രൂപ നഗരസഭയിൽ നികുതി ഇനത്തിൽ അടവാക്കി മറ്റ് നിയമ നടപടികളിൽ നിന്ന് ഒഴിവാകേണ്ടതുമാണെന്ന് കാണിച്ച് ആർ 1(ഇ2)-16914/15 തി. 05.02.2022 (Despatched On 07.02.2022) നമ്പർ ഡിമാന്റ് നോട്ടീസും കക്ഷിക്ക് നൽകിയതായി കാണുന്നു. എന്നാൽ കെട്ടിട ഉടമ ടി നികുതി അടവാക്കുകയോ അടവാക്കാത്തതിന് മതിയായ കാരണം ബോധിപ്പിക്കുകയോ ചെയ്തിട്ടില്ല.

1) Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 ചട്ട പ്രകാരം ലഭിക്കുന്ന അപേക്ഷകൾ 60 ദിവസത്തിനുള്ളിൽ അനുബന്ധ രേഖകൾ സഹിതം ടൗൺ പ്ലാനർക്ക് അയച്ച് കൊടുക്കേണ്ടതായിരുന്നു. തുടർന്ന് നടപടികൾ ഒന്നും സ്വീകരിച്ചതായി കാണുന്നില്ല.

2) Kerala Municipality Building [Regularisation Of Unauthorised Construction] Rules, 2018 - ചട്ടം 4 പ്രകാരമുള്ള അപേക്ഷ ഫീസ് ഈടാക്കിയില്ല.

3) നിയമാനുസൃതം എന്ന് രേഖപ്പെടുത്തിയിട്ടുള്ള കെട്ടിടത്തിന്റെ അവശേഷിക്കുന്ന 1237.16 ച.മീറ്റർ [2000.16 – 763] വിസ്തീർണത്തിന്റെ വസ്തു നികുതി ഈടാക്കുന്നില്ല.

4) കക്ഷിക്ക് നോട്ടീസ് നൽകിയിട്ടും 2015-16 മുതലുള്ള വസ്തു നികുതി കുടിശ്ശിക, ആയതിന്റെ ലൈബ്രറി സെസ്സ്(5%), സർവ്വീസ് സെസ്സ്(10%) എന്നിവ ഈടാക്കുന്നതിലുള്ള കാലതാമസം നഗരസഭയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്.

വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിനുള്ള കാലതാമസം വരാനുള്ള കാരണം, നിലവിൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം എന്നിവ അറിയിക്കാൻ ആവശ്യപ്പെട്ട് *നൽകിയ ഓഡിറ്റ് എൻക്വയറിക്ക്* 21/20-21/ 22.07.2022 മറുപടി ലഭിച്ചില്ല. *തുടർ നടപടി വിവരം ലഭ്യമാക്കേണ്ടതാണ്. (മേൽ വിവരങ്ങൾ 2018-19, ഖണ്ഡിക 1(13) ആയി ഉൾപ്പെടുത്തിയിരുന്നു).*

## 1-30 ഭവനപുനരുദ്ധാരണം പദ്ധതികൾ ( എസ് സി )- അപാകതകൾ

1) പ്രോജക്റ്റ് നം. 111/21

ഭവനപുനരുദ്ധാരണം പദ്ധതി ( എസ് സി )

വിനിയോഗിച്ച തുക – 6,50,000(പ്ലാൻ -എസ് സി പി )

ബിൽ നം. 21/20-21/29.03.2021- 6,50,000

2) പ്രോജക്റ്റ് നം. 149/21

ഭവനപുനരുദ്ധാരണം പദ്ധതി ( എസ് സി )(സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 12,00,000(പ്ലാൻ -എസ് സി പി )

ബിൽ നം. 1/20-21/11.05.2020- 2,50,000

ബിൽ നം. 2/20-21/11.05.2020- 2,00,000

ബിൽ നം. 4/20-21/11.05.2020- 3,50,000

ബിൽ നം. 8/20-21/17.07.2020- 2,50,000

ബിൽ നം. 9/20-21/20.07.2020- 50,000

ബിൽ നം. 12/20-21/19.08.2020- 50,000

ബിൽ നം. 13/20-21/12.09.2020- 50,000

3) പ്രോജക്റ്റ് നം. 152/21

വീട് വാസയോഗ്യമാക്കൽ പദ്ധതി ( എസ് സി )(സ്പിൽ ഓവർ)

വിനിയോഗിച്ച തുക – 2,10,000(പ്ലാൻ -എസ് സി പി )

ബിൽ നം. 3/20-21/11.05.2020- 1,50,000

ബിൽ നം. 5/20-21/11.05.2020- 60,000

നിർവ്വഹണം - പ്രോജക്റ്റ് ഓഫീസർ, നഗരദാരിദ്ര നിർമ്മാർജ്ജന സെൽ

മേൽ ക്രമനം. (1), പദ്ധതി പ്രകാരം 9 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി 50,000 രൂപ വീതവും രണ്ട് പേർക്ക് 1,00,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. മേൽ ക്രമനം. (2), പദ്ധതി പ്രകാരം 6 ഗുണഭോക്താക്കൾക്ക് ഭവനപുനരുദ്ധാരണത്തിനായി 1,00,000 രൂപ വീതവും, 12 ഗുണഭോക്താക്കൾക്ക് 50,000 രൂപ വീതവും ധനസഹായം നൽകിയിട്ടുണ്ട്. പദ്ധതികൾ സംബന്ധിച്ച് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം മേൽക്കൂര മാറ്റി പുതിയ മേൽക്കൂര നിർമ്മിക്കൽ, പൂർത്തിയാവാത്ത ഭവനങ്ങളുടെ പൂർത്തീകരണം, വാസയോഗ്യമല്ലാത്ത ഭവനങ്ങൾ വാസയോഗ്യമാക്കൽ എന്നിവയ്ക്കാണ് ധനസഹായം നൽകാനാവുക. ആയതിനാൽ ഭവനപുനരുദ്ധാരണം പദ്ധതി പ്രകാരം എന്താണ് ലക്ഷ്യം വെച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

2) പുതിയതായി വീടു നിർമ്മിച്ച് എട്ടു വർഷമെങ്കിലും പഴക്കമുള്ള ഭവനങ്ങളുള്ള ഗുണഭോക്താക്കൾക്കാണ് മേൽ പദ്ധതികൾ പ്രകാരം ധനസഹായം ലഭിക്കാൻ അർഹത. എന്നാൽ പദ്ധതി ഗുണഭോക്താകളുടെ ഭവനങ്ങൾക്ക് നിർമ്മിച്ച് എട്ടു വർഷം പഴക്കമുണ്ട് എന്ന് രേഖപ്പെടുത്തിയ സാക്ഷ്യപത്രം സെക്രട്ടറിയിൽ നിന്നും ലഭ്യമാക്കിയിട്ടില്ല. പകരം സെക്ഷൻ ക്ലാർക്ക് വിവരം രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത് . ആയത് ക്രമപ്രകാരമല്ല.

3) മേൽ മാർഗ്ഗരേഖ പ്രകാരം എൽ എസ് ജി ഡി എഞ്ചിനീയർ പരിശോധിച്ച ശേഷമാണ് സബ്സിഡി നിരക്ക് നിശ്ചയിക്കേണ്ടത്. എന്നാൽ ഗുണഭോക്താക്കളുടെ ഭവനങ്ങൾ പരിശോധിച്ച് കൃത്യമായ മൂല്യനിർണ്ണം രേഖപ്പെടുത്താതെയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|---|
| 1 | സുരേന്ദ്രൻ പേവുങ്ങൽ വീട്ടിച്ചാൽ രാമംകുത്ത് (പി ഒ) | 1,00,000 | മൂവരും പ്രോജക്റ്റ് നം. 111/21 പ്രകാരം – വാല്യുവേഷനില്ലാതെ എപ്രകാരമാണ് ഗുണഭോക്താക്കളിൽ രണ്ടുപേർക്ക് 1,00,000 രൂപ വീതവും, ഒരാൾക്ക് 50,000 രൂപയും നൽകിയതെന്ന് വ്യക്തമാക്കേണ്ടതാണ്. |
| 2 | ചന്ദ്രിക കളരിക്കൽ വീട് , മുതുകാട് രാമംകുത്ത് (പി ഒ) | 1,00,000 | |
| 3 | സദാനന്ദൻ പൂക്കോടൻ ,രാമംകുത്ത് പി ഒ | 50,000 | |
| 4 | ചീരു കളത്തിങ്ങൽ ജവഹർകോളനി കരിമ്പുഴ | 50,000 | എല്ലാവരും പ്രോജക്റ്റ് നം. 149/21 പ്രകാരം ധനസഹായം കൈപ്പറ്റിയവർ -വാല്യുവേഷനില്ലാതെ എപ്രകാരമാണ് ഗുണഭോക്താക്കളിൽ 3 പേർക്ക് 1,00,000 രൂപ വീതവും, 4 പേർക്ക് 50,000 രൂപയും നൽകിയതെന്ന് വ്യക്തമാക്കേണ്ടതാണ്. |
| 5 | മീനാക്ഷി കുടംതൊടി വീട് മണലോടി, നിലമ്പൂർ | 50,000 | |
| 6 | കുറുമ്പ ചേലക്കൽ മുമ്മുള്ളി എസ് സി കോളനി | 50,000 | |
| 7 | ചക്കി മലേറിയൻ നെടുമുണ്ടകുന്ന് , ചന്തക്കുന്ന് പി ഒ | 1,00,000 | |
| 8 | ആണ്ടി പുതുകുന്നമ്മേൽ ജവഹർ കോളനി ,കരിമ്പുഴ | 1,00,000 | |
| 9 | ബാലകൃഷ്ണൻ മലേറിയൻ നെടുമുണ്ടകുന്ന് ,ചന്തക്കുന്ന് പി ഒ | 1,00,000 | |

| | | | |
|---|---|---|---|
| 10 | പാറുകുട്ടി പൂക്കോടൻ തോണിപൊയിൽ,വീട്ടിച്ചാൽ, രാമംകുത്ത് പി ഒ ( വീടിന്റെ കാലപ്പഴക്കവും വ്യക്തമല്ല) | 50,000 | |
| ആകെ | | 7,50,000 | |

മേൽ ക്രമനം (3), പദ്ധതി പ്രകാരം 30,000 രൂപ വീതം ധനസഹായം കൈപ്പറ്റിയ താഴെ പറയുന്ന ഗുണഭോക്താക്കളുടെ ഭവനങ്ങൾ പരിശോധിച്ച് കൃത്യമായ മൂല്യനിർണ്ണം രേഖപ്പെടുത്താതെയാണ് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് തുക നൽകിയിട്ടുള്ളത്.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | റിമാർക്സ് |
|---|---|---|
| 1 | ശാന്തകുമാരി വാക്കാലി മുമ്മുള്ളി , നിലമ്പൂർ ആർ എസ് (പി ഒ) | -- |
| 2 | സുമതി ചേലൂത്ത്,കയനിക്കുന്നിൻമേൽ,രാമംകുത്ത് പി ഒ | സബ്സിഡി മാർഗ്ഗരേഖ സ.ഉ (കൈ) നം. 22/2018/തസ്വഭവ തീ.14.02.2018 പ്രകാരം 8 വർഷം പൂർത്തീകരിച്ച ഭവനങ്ങൾക്കാണ് ധനസഹായം നൽകാനാവുക. എന്നാൽ ഫയലിൽ രേഖപ്പെടുത്തിയത് ഏഴുവർഷമാണ്. |
| 3 | രാമദാസ് വി എം വാരിയം മഠം വീട്, മണലോടി, നിലമ്പൂർ ആർ എസ് (പി ഒ) | -- |
| 4 | ദേവയാനി മൊളയത്തിൽ വീട്, രാമംകുത്ത് പി ഒ | -- |
| 5 | മനോഹരൻ വി എം വാരിയംമഠത്തിൽ,മണലോടി,നിലമ്പൂർ ആർ എസ് (പി ഒ) | -- |
| 6 | സുധാരത്നം, ചേലൂത്ത് കയനിക്കുന്മേൽ, രാമംകുത്ത് പി ഒ | -- |
| ആകെ 6 X 30,000 = 1,80,000 | | |

അപാകതകൾ പരാമർശിച്ച് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കും (നം. 23/22.07.22) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് തുക 9,30,000 രൂപ (7,50,000+1,80,000) ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

## 1-31 CFLTC യുടെ ചെലവുകൾക്ക് കാഷ് ആയി തുകകൾ മുൻകൂർ നൽകി - ചെലവ് രേഖകൾ അപൂർണ്ണം

ഇന്ദിരാഗാന്ധി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂളിൽ പ്രവർത്തിച്ച CFLTC യുടെ ചെലവുകൾക്ക് എ ഫിറോസ് ഖാൻ, സെക്രട്ടറിക്ക് കാഷ് ആയി വലിയ തുകകൾ മുൻകൂർ നൽകിയിട്ടുണ്ട്. നൽകിയ പണം സംബന്ധിച്ചും അതിന്റെ വിനിയോഗത്തിലെ അപാകത സംബന്ധിച്ചുമുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| വൗച്ചർ നമ്പർ | നൽകിയ മുൻകൂർ | കുറിപ്പ് |
|---|---|---|
| 22000466/27.7.20 | 100000 | വൗച്ചർ നമ്പർ 22000561/20.8.20 പ്രകാരം മുൻകൂർ ക്രമീകരിച്ച് 79654 രൂപ കൂടി നൽകിയിട്ടുണ്ട്. CFLTC കെട്ടിടത്തിന്റെ പെയ്ന്റിംഗിനുള്ള പെയിന്റ് വില 69654 രൂപയും കൂലി 119000 രൂപയും നൽകാനാണ് പണം വിനിയോഗിച്ചത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും പണം കൈപറ്റിയതിന്റെ രസീതി ഇല്ല. |
| 22000512/7.8.20 | 200000 | വൗച്ചർ നമ്പർ 22000562/20.8.20 പ്രകാരം മുൻകൂർ ക്രമീകരിച്ചു. |
| 22000546/14.8.20 | 500000 | വൗച്ചർ നമ്പർ 22000670/16.9.20 പ്രകാരം മുൻകൂർ ക്രമീകരിച്ച 311620 രൂപ കൂടി നൽകിയിട്ടുണ്ട്. |
| 22000578/25.8.20 | 500000 | വൗച്ചർ നമ്പർ 22000861/14.10.20 പ്രകാരം മുൻകൂർ ക്രമീകരിച്ചു. |

| | | |
|---|---|---|
| 22000562/20.8.20 | 349916 | വൗച്ചർ നമ്പർ 22000562/20.8.20 പ്രകാരം നൽകിയ മുൻകൂർ ക്രമീകരിച്ച് 349916 രൂപ കൂടി നൽകി. ആകെ 549916 രൂപയുടെ 7 ബില്ലുകളുടെ പകർപ്പുകൾ ലഭ്യമാക്കി. എന്നാൽ ആരുടെയും കൈപറ്റ് ലഭ്യമല്ല. |
| 22000670/16.9.20 | 311620 | വൗച്ചർ നമ്പർ 22000546/14.8.20 പ്രകാരം നൽകിയ 500000 രൂപ ക്രമീകരിച്ച് 311620 രൂപ കൂടി നൽകി. 811620 രൂപയുടെ 22 ബില്ലുകളുടെ പകർപ്പുകൾ ലഭ്യമാക്കി. എന്നാൽ ആരുടെയും കൈപറ്റ് ലഭ്യമല്ല. ഇതിൽ ഫാസ് അലൂമിനിയം ഫാബ്രിക്കേഷൻ ചന്തക്കുന്ന് എന്ന സ്ഥാപനം ഹാജരാക്കിയ 510100 രൂപയുടെ GST നമ്പർ രേഖപ്പെടുത്താത്ത കാഷ് ബിൽ ഉൾപ്പെടുന്നു. ഈ ബിൽ പ്രാകരമുള്ള Mosquito Window, Mosquito Door, Fiber Door, Window Glass, Mosquito Net എന്നിവയും മറ്റു ബില്ലുകൾ പ്രകാരമുള്ള സാധനങ്ങളും CFLTC യിൽ ലഭ്യമായതായോ സ്ഥാപിച്ചതായോ ആരും സാക്ഷ്യപ്പെടുത്തിയിട്ടില്ല. |
| 22000861/14.10.20 | 100644 | വൗച്ചർ നമ്പർ 22000546/14.8.20 പ്രകാരം നൽകിയ 500000 രൂപ ക്രമീകരിച്ച് 100644 രൂപ കൂടി നൽകി. മെഡ് ഹബ് കോഴിക്കോട് എന്ന സ്ഥാപനത്തിനു 261990 രൂപ നൽകിയത് ഉൾപ്പെടെ പണം കൈപറ്റിയ ഒരു സ്ഥാപനത്തിന്റെയും കൈപറ്റ് ലഭ്യമല്ല. |

13,00,000 രൂപ മുൻകൂറായും ഇവയുടെ ക്രമീകരണ വൗച്ചറുകൾക്കായി 7,62,180 രൂപയുമടക്കം ആകെ 20,62,180 രൂപ കാഷ് ആയി കൈപ്പറ്റിയതായാണ് കാണുന്നത്. കോവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററിലേക്ക് സാധനങ്ങൾ വാങ്ങിയതിനും ട്രീറ്റ്മെന്റ് സെന്ററിൽ മസ്റ്റർ റോൾ പ്രകാരം ജോലി ചെയ്യിപ്പിച്ചതിനുമാണ് തുക ചെലവഴിച്ചത്. പെയ്മെന്റുകൾ മുഴുവൻ 1000 രൂപക്ക് മുകളിലാണ്. എന്നാൽ അക്കൗണ്ട് വഴി പണം കൈമാറിയിട്ടില്ല. മസ്റ്റർ റോൾ പ്രകാരം തൊഴിൽ ചെയ്തവരുടേതുൾപ്പെടെ ആരുടേയും കൈപ്പറ്റ് രസിതി ലഭ്യമല്ല. സെന്ററിലെ പെയിന്റിംഗ്, മറ്റു നിർമ്മാണങ്ങൾ എന്നിവ എഞ്ചിനിയറിംഗ് വിഭാഗമോ സ്റ്റോർ പർച്ചേസ് ഇൻചാർജ്, മെഡിക്കൽ ഓഫീസറോ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആയതിനാൽ ചെലവിന്റെ ആധികാരികത ഉറപ്പ് വരുത്താൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നമ്പർ 13/20.7.22(20-21) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ ലഭ്യമാക്കുന്നത് വരെ 20,62,180 രൂപ തടസ്സം ചെയ്യുന്നു.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഷീറ്റ് മേയൽ: എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത പ്രവൃത്തി ചെയ്തതിന് തുക നൽകിയത് ക്രമവിരുദ്ധം

നിർവ്വഹണോദ്യോഗസ്ഥൻ: അസിസ്റ്റന്റ് എഞ്ചിനീയ ർ

നഗരസഭാ ഓഫീസ് പൂർത്തീകരണം (104/21)

അടങ്കൽ: 2500000 രൂപ (തനത് ഫണ്ട്)

കരാറുകാരൻ : സജാത് കെ എസ്

കരാർ: 24/20-21/7-9-20(17.56% Below ER)

അളവ് പുസ്തകം: 13/20-21

ചെലവ്: 20,52,502 രൂപ

ചെക്ക് നമ്പർ: 164640/23-1-21

ഇനം (E3) പ്രകാരം 0.45mm G I Aluminium Powder Coated Tile Profile Sheet(TATA) മേയുന്നതിനുള്ളതാണ്. എന്നാൽ, 19-7-2022 ന് അസിസ്റ്റന്റ് എഞ്ചിനീയറുടേയും ഓവർസീയറുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ

സ്ഥലപരിശോധനയിൽ 0.35mm കനത്തിലുള്ള Sheet ഉപയോഗിച്ചാണ് മേഞ്ഞിട്ടുള്ളത് എന്ന് വ്യക്തമായി.

GO(P) 13/2012/PWD/01-01-2012 പ്രകാരമുള്ള കേരളപൊതുമരാമത്ത് മാന്വലിലെ സെക്ഷൻ 2211.2 പ്രകാരം അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമുള്ള അളവ് മാത്രമേ രേഖപ്പെടുത്താൻ പാടുള്ളൂ എന്നും ഗുണനിലവാരം കുറഞ്ഞവ രേഖപ്പെടുത്താൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നിട്ടും, എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത, ഗുണനിലവാരം കുറഞ്ഞ പ്രവൃത്തിക്ക് മേൽ പ്രകാരം തുക നൽകിയതിന് വിശദീകരണം നൽകേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/20-7-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ എസ്റ്റിമേറ്റ് പ്രകാരമല്ലാത്ത ഗുണനിലവാരം കുറഞ്ഞ ഷീറ്റ് പൊളിച്ചുമാറ്റി, എസ്റ്റിമേറ്റ് പ്രകാരമുള്ള ഷീറ്റ് കരാറുകാരന്റെ സ്വന്തം ചെലവിൽ മേയാൻ നടപടി സ്വീകരിക്കുകയോ അല്ലാത്ത പക്ഷം ഈയിനത്തിൽ താഴെ പറയും പ്രകാരം അധികം നൽകിയ തുക 20,506 രൂപ കരാറുകാരനിൽ നിന്നോ അല്ലാത്ത പക്ഷം ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

അധികം നൽകിയ തുകയുടെ വിശദാംശം

| ചെയ്യേണ്ട പ്രവൃത്തി/നൽകിയ തുക | ചെയ്ത പ്രവൃത്തി/നൽകേണ്ട തുക | അധികം നൽകിയ തുക |
|---|---|---|
| 0.45 Mm കനമുള്ള ഷീറ്റ് മേയൽ.<br>94.105 M2 X 661.81/m2 =<br>62279.63 രൂപ<br>(17.56% Below ER Of 803.66/m2)<br>Od 945844/20-21 | 0.35 Mm കനമുള്ള ഷീറ്റ് മേയൽ.<br>94.105 M2 X 468.97/m2<br>= 44132.42 രൂപ<br>(17.56% Below ER Of 568.86/m2)<br>Od 33616/20-21 (തൻവർഷം നഗരസഭയിൽ നൽകിയ നിരക്ക്) | 18147.20<br>(+) 12% GST= 2359.13<br>TOTAL: 20,506 രൂപ<br>(Rounded) |

## 3-2 സിംഗിൾ സെക്ഷൻ പ്രവൃത്തിക്ക് ട്രസ്സ് വർക്കിനുള്ള നിരക്ക് നൽകി; നഷ്ടം 9990 രൂപ

താഴെ പറയുന്ന പ്രവൃത്തികളിൽ G I Hollow Tube ഉപയോഗിച്ച് നടത്തിയ പ്രവൃത്തി Single Section പ്രവൃത്തികളായിട്ടാണ് നടത്തിയിട്ടുള്ളതെന്ന് 19-7-2022 ന് അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ഭൗതിക പരിശോധനയിൽ ബോധ്യപ്പെട്ടു. എന്നാൽ ആയവക്ക് Truss Work ന്റെ നിരക്കാണ് കരാറുകാർക്ക് നൽകിയിട്ടുള്ളത്.

വിശദാംശം താഴെ കൊടുക്കുന്നു.

| ക്രമ നം | പദ്ധതി വിശദാംശം | അപാകത | | അധികം നൽകിയ തുക |
|---|---|---|---|---|
| | | ചെയ്തത് | ചെയ്യേണ്ടത്(50-10-2 പ്രകാരം) | |
| 1 | വിവിധ അംഗനവാടികളുടെ റിപ്പയർ 189/21<br>കരാറുകാരൻ: ദിനീഷ്<br>ചെലവ്: 807167 രൂപ<br>ബിൽ നമ്പർ: 80/20-21/28-12-20<br>(പാടിക്കുന്ന് അംഗനവാടി) | Single Section പ്രവൃത്തിക്ക് Truss Work ന്റെ നിരക്ക് നൽകി (DSR 10-16-1 പ്രകാരം)<br>Wall Plate: 154.220 Kg<br>Rafters: 288.812 Kg<br>Collars: 43.713 Kg<br>Total: 486.745 Kg<br>നൽകിയ തുക:<br>486.745 Kg X118.00/kg<br>= 57435.91രൂപ<br>(0.24% Below ER Of 118.28/kg) | Single Section പ്രവൃത്തി<br>486.745 Kg X 106.62/kg<br>=51896.75<br>(0.24% Below ER Of 106.88/kg) | 5539.16<br>(+) 12% GST= 664.69<br>TOTAL: 6204 രൂപ<br>(Rounded) |
| 2 | ----------Do-------- | Single Section | Single Section | 3380.39 |

| | | | | |
|---|---|---|---|---|
| | (ചേലശ്ശേരി അംഗനവാടി) | പ്രവൃത്തിക്ക് Truss Work ന്റെ നിരക്ക് നൽകി((DSR 10-25-2 പ്രകാരം)<br>(പാരപ്പറ്റിന് മകളിൽ വശങ്ങൾ ഷീറ്റ് ഉപയോഗിച്ച് മറയ്ക്കുന്നതിനുള്ള പ്രവത്തി)<br>നൽകിയ തുക:<br>588.926 Kg X 112/kg<br>=65959.67 രൂപ<br>(0.58% Below ER Of 112.65/kg) | പ്രവൃത്തി 588.926 Kg X 106.26/kg<br>= 62579.27 രൂപ<br>(0.58% Below ER Of 106.88/kg) | (+) 12% GST= 405.64<br>TOTAL: 3786 രൂപ<br>(Rounded) |
| ആകെ | | | | 9,990 |

അധികനിരക്ക് നൽകിയത് വിശദമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ 17/21-7-22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികം നൽകിയ 9,990/-രൂപ കരാറുകാരിൽ നിന്നോ അല്ലാത്ത പക്ഷം അവസാന ബിൽ നൽകിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നോ ഈടാക്കേണ്ടതാണ്.

## 3-3 പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് - പദ്ധതി നിർവ്വഹണത്തിലെ അപാകത

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 126/21 |
| അടങ്കൽ തുക | 5,00,000/- രൂപ |
| വിനിയോഗിച്ച തുക | 5,00,000/- രൂപ (വികസന ഫണ്ട് - എസ്.സി.പി) |
| ബിൽ നമ്പർ / തീയതി | 20150747002201298614 തീയതി.19.03.2021 – 95,000/- രൂപ.<br>20150747002201291792 തീയതി.19.03.2021 – 3,95,000/- രൂപ.<br>20150747002201377492 തീയതി.26.03.2021 – 10,000/- രൂപ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, (ജി.എൽ.പി.എസ്) |

പട്ടികജാതി വിദ്യാർത്ഥികൾക്ക് ഉന്നത പഠനത്തിന് സ്കോളർഷിപ്പ് എന്ന പദ്ധതി പ്രകാരം 2020-21 സാമ്പത്തിക വർഷത്തിൽ 5,00,000/- രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി ബിൽ നമ്പർ. 20150747002201291792 തിയ്യതി. 19.03.2021 പ്രകാരം 20,000/- രൂപ സ്കോളർഷിപ്പ് അനുവദിക്കപ്പെട്ട അഖിൻ രാഗ്.പി.എം, പുലത്ത്കുടിയിൽ ഹൌസ്, നല്ലംതണ്ണി.പി.ഒ, മുതീരി എന്ന വിദ്യാർത്ഥിനി, കോഴിക്കോട് വനിതാ ഐ.ടി.ഐ യിലെ എയർകാർഗോ ഷിപ്പിംഗ് & ലോജിസ്റ്റിക്സ് മാനേജ്മെന്റ് ഡിപ്ലോമ വിദ്യാർത്ഥിനിയാണ്. 2020-21 വർഷത്തേക്ക് ബാധകമായ സബ്സിഡി മാർഗ്ഗരേഖ (സ.ഉ(കൈ) നം.22/2018/തസ്വഭവ തീയതി. 14.02.2018) ഖണ്ഡിക 7.2.5 പ്രകാരം പ്രത്യേകം പരാമർശിച്ചിട്ടില്ലാത്ത സർക്കാർ അംഗീകൃത റഗുലർ കോഴ്സുകൾക്കെല്ലാം 15,000/- രൂപയാണ് സ്കോളർഷിപ്പ് അനുവദിക്കാവുന്നത്. ഈ വിദ്യാർത്ഥിനിക്ക് 5,000/- രൂപ അധികം അനുവദിച്ചതിന്റെ കാരണം വിശദമാക്കേണ്ടതാണ്.

അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ : 6(2020-21)/14.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. അധികം നൽകിയ 5,000/- രൂപ ഉത്തരവാദിയായ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-4 അനർഹർക്ക് ലാപ്ടോപ് വിതരണം നടത്തി

മുനിസിപ്പൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വിതരണം എന്ന പ്രൊജക്റ്റിന്റെ നിർവ്വഹണത്തിൽ ബിൽ നമ്പർ 20150747001000184661/20.5.20 പ്രകാരം സിഡ്ക്കോയിൽനിന്ന് 681090 രൂപക്ക് 30 ലാപ്ടോപ്പുകൾ വാങ്ങി നൽകിയിട്ടുണ്ട്. (ഇൻവോയിസ് നമ്പർ ITP/03391/20-21 Dated 30.9.20)

എസ്.സി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങി നൽകുന്നതിനു സബ്സിഡി മാർഗ്ഗരേഖ സ.ഉ. (കൈ) നം. 22/2018 /തസ്വഭവ, തിയ്യതി 14.2.2018 ഖണ്ഡിക 7.2.8 പ്രകാരം താഴെ പറയുന്ന വ്യവസ്ഥകളോടെ അനുമതി നൽകിയിട്ടുണ്ട്.

1. ബിരുദം, ബിരുദാനന്തര ബിരുദം, എഞ്ചിനിയറിംഗ്, മെഡിക്കൽ, കമ്പ്യൂട്ടർ സയൻസ് (ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം) CA ആർട്ടിക്കിൾഷിപ്പ് പോളി ടെക്നിക് ഡിപ്ലോമ എന്നീ കോഴ്സുകൾക്ക് പഠിക്കുന്നവരാകണം.

2. സർക്കാർ/എയിഡഡ്/സ്വാശ്രയ/സർവ്വകലാശാലാ അഫിലിയേറ്റഡ്/ സ്ഥാപനങ്ങളിൽ പഠിക്കുന്നവരാകണം. സ്ഥാപന മേധാവിയുടെ സാക്ഷ്യപത്രം ഹാജറാക്കണം.

3. വകുപ്പിൽനിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തണം. എന്നാൽ താഴെ പറയുന്ന ഗുണഭോക്താക്കളുടെ കാര്യത്തിൽ ഈ നിബന്ധന പാലിച്ചിട്ടില്ല.

| ഗുണഭോക്താവ് | ഗുണഭോക്താവ് ഹാജറാക്കിയ രേഖ | അർഹത |
|---|---|---|
| അനീന സി | മാനവേദൻ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പളുടെ 4.12.2019 ലെ ഹയർ സെക്കന്ററി വിദ്യാർത്ഥി ആണെന്ന സാക്ഷ്യപത്രം | മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന കോഴ്സിന് പഠിക്കുന്നതിന്റെ രേഖകൾ ഹാജരാക്കിയില്ല |
| ശ്രീഷ്ണ എം | EMC (എടവണ്ണ) സ്കൂൾ ഓഫ് നഴ്സിംഗ് എന്ന സ്വകാര്യ സ്ഥാപനം നൽകിയ സാക്ഷ്യപത്രം. | കോഴ്സിന്റെ പേരോ കാലാവധിയോ ഇല്ല. |
| ഹർഷ പി | ആര്യകോളേജ്, ബസ് സ്റ്റാന്റ് നിലമ്പൂർ എന്ന സ്വകാര്യ സ്ഥാപനം നൽകിയ | ഫാർമസി അസിസ്റ്റന്റ് കോഴ്സിനു പഠിക്കുന്ന എന്ന സാക്ഷ്യപത്രം |

സബ്സിഡി മാർഗ്ഗരേഖയിലെ വ്യവസ്ഥകൾ പാലിക്കാതെ ലാപ്ടോപ് നൽകിയതിനു ചെലവഴിച്ച തുക 68,109 രൂപ (3 X 22703) തിരികെ ഈടാക്കേണ്ടതാണ്. ഒരു ഗുണഭോക്താവും വകുപ്പിൽനിന്നും ലാപ്ടോപ്പ് നൽകിയിട്ടില്ല എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ സാക്ഷ്യപത്രം ഹാജറാക്കിയിട്ടില്ല. ആയത് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി (നമ്പർ22 /22.7.22(20-21) ക്ക് മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2020-21 | 04.07.2022 മുതൽ 23.07.2022 വരെ | ഈ റിപ്പോർട്ടിന്റെ ഭാഗമാക്കി. |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം.

ഇല്ല.

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ .

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ തീയ്യതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ (എസ്.സി) | 20150747001000034962 | 1290000 | 1201416 | 88584 (തിരികെ ലഭിച്ചു) |
| | നഗരസഭയിലെ വിവിധ ഭാഗങ്ങളിൽ പൈപ്പ് ലൈൻ നീട്ടൽ രണ്ടാം | 20150747001000030599 | 1095345 | 1054448 | 40897 (തിരികെ ലഭിച്ചു) |

| | | | | | |
|---|---|---|---|---|---|
| | ഘട്ടം – ജനറൽ. | | | | |
| | എസ്.ടി കോളനികളിലേക്ക് പൈപ്പ് ലൈൻ നീട്ടി ഗാർഹിക കണക്ഷൻ നൽകൽ (എസ് സി ) | 20150747001000019140 | 450000 | 392103 | 57897 (തിരികെ ലഭിച്ചു) |
| | പൈപ്പ് ലൈൻ നീട്ടൽ. | 20150747001001408878 | 5042400 | 0 | 5042400 |
| കെ എസ് ഇ ബി | നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. | 20150747001001408880 | 1355534 | 1355534 | 0 |
| | സ്ട്രീറ്റ് ലൈറ്റിന് ടൈമറോട് കൂടിയ ഓട്ടോമാറ്റിക് കൺട്രോൾ സ്ഥാപിക്കുന്നതിന്. | 20150747001000517445 | 307824 | 307824 | 0 |
| | നഗരസഭയുടെ വിവിധ സ്ഥലങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ. | 20150747001000776790 | 3300000 | 3300000 | 0 |
| | പുതിയ നഗരസഭാ ഓഫീസിലേക്ക് ട്രാൻസ്ഫോർമർ സ്ഥാപിക്കൽ. | ചെക്ക് നമ്പർ.153924 Dt: 28.02.2020 | 414578 | 414578 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്.

ഇല്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| ക്രമ നം | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./ തീയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് (മുതൽ /പലിശ ) | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|
| 1 | ഇ എം എസ് ഭവനപദ്ധതി - മലപ്പുറം ജില്ലാ സഹകരണബാങ്ക് നിലമ്പൂർ ബ്രാഞ്ച് | ലഭ്യമല്ല | 48000000 | 38266667 | 8093334 | 78173333 |

കുറിപ്പ് : ലോൺ സംബന്ധിച്ച് കൃത്യമായ വിവരം ലഭ്യമാക്കാത്തതിനാൽ മുഴവൻ വിവരങ്ങളും ഉൾപ്പെടുത്താൻ സാധിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ.

ഇല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

നഗരസഭയുടെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 44,45 | 2001-02 | ........ | മരാമത്ത്- അധികചെലവ് | നടപടി തുടരുന്നു. |
| 2007-08 | 3-13 | 2010-11 | ....... | മുൻകൂർ ക്രമീകരിച്ചില്ല | നടപടി തുടരുന്നു. |
| | | 2012-13 | ....... | ഖരമാലിന്യ പരിപാലനം, പ്രവർത്തനാവലോകന റിപ്പോർട്ട് | നടപടി തുടരുന്നു. |
| 2012-13 | 3-1<br>3-2 | 2012-13 | ........ | 1)നിഷ്ക്രിയ ആസ്തികൾ<br>2)മണൽ വാരൽ | നടപടി തുടരുന്നു. |
| 2013-14, 2014-15 | 2(3) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |
| 2015-16 | 2(8) | 2016-17 | ലഭ്യമല്ല | ലഭ്യമല്ല | |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം.

എ) ചാർജ്ജ് നടപടികൾ വഴി തുക ഈടാക്കിയ /ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

ഇല്ല.

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കുവാൻ അവശേഷിക്കുന്ന തുക.

<u>സർചാർജ്ജ് നടപടികളുടെ വിവരം.</u>

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഉത്തരവാദിയായ വ്യക്തി | സർചാർജ്ജ് സർട്ടിഫിക്കറ്റ് | | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|---|
| | | | | നമ്പർ/തീയതി | തുക | |
| 1 | 1999-00 | 58 (70, (7), (9) | എം.വി മഹിധരൻ, സെക്രട്ടറി | LF.12622/ സ്പെ.സെൽ/എസ്.സി 5/05/23.12.18/ 01.01.09 | 34,600 | Disposed |
| 2 | 1998-99 | 48(1), (2), 49, 50(16), 65, 76, 77, 81, 85(p), 89(1), 90 (2), (3), 91(1),(3), (4) | എം.വി മഹിധരൻ, സെക്രട്ടറി | LF.11513/സ്പെ.സെൽ/ എസ് സി 5/04/ 25.09.06/ 01.03.07 | 282674 | Disposed On 31-08-2015 |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | : | 27,74,19,719 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | | 26,80,84,075 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 1,03,605 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 30,62,152 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 20,506 | ശ്രീ. അഫ്സൽ. സി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-2 | | 9,990 | ശ്രീ. അഫ്സൽ. സി, മുനിസിപ്പൽ എഞ്ചിനീയർ |
| 3-3 | | 5,000 | ശ്രീ. ജോർജ്.പി.വർഗ്ഗീസ്, ഹെഡ്മാസ്റ്റർ (ജി.എം.എൽ.പി.എസ് നിലമ്പൂർ) |
| 3-4 | | 68,109 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| ആകെ | 0 | 1,03,605 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-13 | 69,972 | ശ്രീ. ജോർജ്.പി.വർഗ്ഗീസ്, ഹെഡ്മാസ്റ്റർ (ജി.എം.എൽ.പി.എസ് നിലമ്പൂർ) |
| 1-30 | 9,30,000 | ശ്രീ. ബാബു പി കെ, പ്രോജക്റ്റ് ഓഫീസർ, യു പി എ സി |
| 1-31 | 20,62,180 | ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി |
| | 30,62,152 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ.

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ.അഫ്സൽ.സി, മുനിസിപ്പൽ എഞ്ചിനീയർ | മുനിസിപ്പൽ എഞ്ചിനീയർ, നിലമ്പൂർ നഗരസഭ | ചുണ്ടക്കാടൻ ഹൗസ്, സാജിത മൻസിൽ, കോടങ്ങാട്, കൊണ്ടോട്ടി, മലപ്പുറം – 673638 |
| ശ്രീ.ജോർജ്.പി.വർഗ്ഗീസ്, | ഹെഡ്മാസ്റ്റർ, | തേവർവിളയിൽ ഹൗസ്, |

| | | |
|---|---|---|
| ഹെഡ്മാസ്റ്റർ (ജി.എം.എൽ.പി.എസ് നിലമ്പൂർ) | ജി.എം.എൽ.പി.എസ് നിലമ്പൂർ | പാലാങ്കര.പി.ഒ, നിലമ്പൂർ. |
| ശ്രീ. ഫിറോസ് ഖാൻ. എ, സെക്രട്ടറി | സെക്രട്ടറി, നീലേശ്വരം മുനിസിപ്പാലിറ്റി | റോസ് ഹൗസ്, ചന്ദനത്തോപ്പ് പി.ഒ, കൊല്ലം ജില്ല. പിൻ – 691014 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-01 | എൽ.എഫ്.എം.21/977/2010 തി.10.01.2011 | 7 | |
| 2001-02 | എൽ.എഫ്.എം.21/978/2010 തി.10.01.2011 | 6 | |
| 2002-03 | എൽ.എഫ്.എം.21/979/2010 തി.12.01.2011 | 7 | |
| 2003-04 | എൽ.എഫ്.എം.21/942/2010 തി.14.02.2011 | 16 | |
| 2004-05 | എൽ.എഫ്.എം.21/21(5)/14/2008 തി.17.02.2011 | 22 | |
| 2005-06 | എൽ.എഫ്.എം.21/978/2009തി.03.05.2011 | 10 | |
| 2006-07 | എൽ.എഫ്.എം.21/21(5)/917/2009 തി.03.06.2011 | 13 | |
| 2007-08 | എൽ.എഫ്.എം.21/21(5)/799/2009 തി.03.06.2011 | 25 | |
| 2008-09 | എൽ.എഫ്.എം.21/67/2012 തി.21.02.2012 | 23 | |
| 2009-10 | എൽ.എഫ്.എം.21/68/2012 തി.21.02.2012 | 33 | |
| 2010-11<br>2011-12 | എൽ.എഫ്.എം.21/19/2013 തി.08.02.2013 | 48 | |
| 2012-13 | എൽ.എഫ്.എം.21/3306/2014 തി.14.01.2015 | 39 | |
| 2013-14<br>2014-15 | കെ.എസ്.എ.എം.പി.എം.21/314/2016 തി.27.05.2016 | 44 | |
| 2015-16 | കെ.എസ്.എ.എം.പിഎം21/ 2742/2016 തി. 02.02.2017 | 47 | |
| 2016-17 | കെ.എസ്.എ.എം.പിഎം21/ 2385/2017 തി. 24.11.2017 | 48 | |
| 2017-18 | കെ.എസ്.എ.എം.പിഎം21/ 2824/2018 തി. 17.01.2019/19.02.19 | 30 | |
| 2018-19 | കെ.എസ്.എ.എം.പിഎം21/441/2020 തി. 24.04.2020 | 28 | |
| 2019-20 | കെ.എസ്.എ.എം.പിഎം21/1704/2022 തി. 30.07.2022 | 46 | |

സീനിയർ ഡെപ്യൂട്ടിഡയറക്ടർ

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള മുനിസിപ്പൽ ആക്ടിന്റെ 295-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് നഗരപാലികാ സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

മലപ്പുറം ജില്ലയിലെ നിലമ്പൂർ മുനിസിപ്പാലിറ്റിയുടെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, മലപ്പുറം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്